IT

<u>പന്ത്രണ്ടാം കേരളനിയമസഭ</u>

<u>പതിനാലാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിട്ട</u>

<u>ചോദ്യം നം. 391</u> | <u>19.03.2010-ൽ മറുപടിക്ക്.</u>

## <u>കാർഷിക ഉൽപ്പന്നങ്ങളുടെ വില പ്രവചിക്കാൻ വിജ്ഞാന കേന്ദ്രം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.കെ.എൻ. രാജൻ<br>ശ്രീ.കെ.അജിത്ത്<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. രാജാജി മാത്യൂ തോമസ് | **ശ്രീ.മുല്ലക്കര രത്നാകരൻ**<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷികോൽപ്പന്നങ്ങളുടെ വില പ്രവചിക്കാൻ വിജ്ഞാന കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ; | എ) ഉണ്ട്. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിനു കീഴിലുള്ള ദേശീയ കാർഷിക നവീകരണ പദ്ധതിയുടെ ധന സഹായത്തോടെ 27/06/2009-ന് ദേശീയാടിസ്ഥാനത്തിൽ തുടങ്ങിയ മാർക്കറ്റ് ഇൻറലിജൻസ് സെൻററുകളുടെ നെറ്റ് വർക്കിൻെറ കേന്ദ്രം കേരള കാർഷിക സർവ്വകലാശാലയിലും ആരംഭിച്ചിട്ടുണ്ട്. |
| ബി) വില പ്രവചിക്കുന്നതിന് സ്വീകരിക്കുന്ന അടിസ്ഥാന ഘടകങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) ഏറ്റവും കുറഞ്ഞത് 15 വർഷത്തെ പ്രതിമാസ വിലയെ അടിസ്ഥാനമാക്കി അരിമ, ആർട്ടിഫിഷ്യൽ ന്യൂറൽ നെറ്റ് വർക്ക് അനാലിസിസ് എന്നീ നൂതന ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് നടത്തുന്ന അപഗ്രഥനം കർഷകരുടേയും വ്യാപാരികളുടേയും ഇടയിൽ നടത്തുന്ന സർവ്വെ എന്നിവയാണ് വില പ്രവചിക്കുന്നതിന് സ്വീകരിക്കുന്ന അടിസ്ഥാന ഘടകങ്ങൾ. |
| സി) ഏതെല്ലാം കാർഷിക വിളകളുടെ വിലയാണ് ഈ കേന്ദ്രം പ്രവചിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | സി) നാളീകേരം, കുരുമുളക്, ഏലം എന്നീ കാർഷിക വിളകളുടെ വില പ്രവചിക്കുകയാണ് ഈ കേന്ദ്രത്തിൻെറ ദൗത്യം. |

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 392** | **19.03.2010-ൽ മറുപടിയ്ക്ക്**

**നെൽവയൽ നീർത്തട സംരക്ഷണ നിയമം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.ബി.രാഘവൻ<br>ശ്രീ. പി.കൃഷ്ണപ്രസാദ്<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ | ശ്രീ. കെ. പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| എ) നെൽവയൽ നീർത്തട സംരക്ഷണനിയമം നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) 2008ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം ഓരോ ജില്ലയിലും പഞ്ചായത്ത്/മുൻസിപ്പൽ തലങ്ങളിൽ പ്രാദേശികതല നിരീക്ഷണ സമിതികൾ രൂപീകരിച്ചു കഴിഞ്ഞു. എല്ലാ ജില്ലകളിലെയും പ്രാദേശികതല നിരീക്ഷണ സമിതികളുടെ അംഗീകാരത്തിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ വ്യവസ്ഥകളിൽ ഏറ്റവും പ്രധാനപ്പെട്ട നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നതിന്റെ ഭാഗമായി കൃഷിവകുപ്പിലെയും റവന്യൂ വകുപ്പിലെയും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ഇതുമായി ബന്ധപ്പെട്ട് വിശദമായ പരിശീലനം നൽകുകയും ഡാറ്റാ ശേഖരിക്കുന്നതിനായി സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ എല്ലാ ജില്ലകൾക്കുമായി |

107 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്. ആയത് തുക ജില്ലാ കലക്ടർ മുഖേന ലഭ്യമാക്കുന്നതിന് നടപടിയും സ്വീകരിച്ചു കഴിഞ്ഞു. ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതിനായി വില്ലേജ്തലമാപ്പുകൾ സർവ്വേ വകുപ്പിൽനിന്ന് സൗജന്യമായും. ഐ.കെ.എം തയ്യാറാക്കിയിട്ടുള്ള റിസോഴ്സ് മാപ്പുകൾ യാഥാർത്ഥ ചിലവ് ഈടാക്കിയും ജില്ലാ കളക്ടർമാർക്ക് നൽകുവാനും ഉത്തരവുകൾ നൽകിയിട്ടുണ്ട്.

ഓരോ ജില്ലയിലും റവന്യൂ ഡിവിഷണൽ ഓഫീസർ അധ്യക്ഷനായും പ്രിൻസിപ്പൽ കൃഷിഓഫീസർ കൺവീനറായും ജില്ലയിൽ തിരഞ്ഞെടുക്കപ്പെട്ട 3 കർഷകപ്രതിനിധികൾ അംഗങ്ങളായും ജില്ലാതല സമിതികളും രൂപീകരിച്ചു കഴിഞ്ഞു. ലാൻറ് റവന്യൂ കമ്മീഷണർ ചെയർമാനായും, അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, ഡോ.പി.വി.ബാലചന്ദ്രൻ (ഡയറക്ടർ, പാഡി മിഷൻ. കാർഷിക സർവകലാശാല), ഡോ വി.എസ്. വിജയൻ (ചെയർമാൻ, ബയോ ഡൈവേഴ്സിറ്റി ബോർഡ്) എന്നിവർ അംഗങ്ങളായും സംസ്ഥാന സമിതിയും രൂപീകരിച്ചു കഴിഞ്ഞു.

ബി) വില്ലേജ് ആഫീസുകൾ കേന്ദ്രീകരിച്ച് രൂപീകരിച്ച പ്രാദേശികതല നിരീക്ഷണ സമിതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) എല്ലാ ജില്ലയിലും പഞ്ചായത്ത്, മുൻസിപ്പാലിറ്റി കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുള്ള പ്രാദേശികതല നിരീക്ഷണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു. പ്രസ്തുത സമിതികളുടെ മേൽനോട്ടത്തിൽ ഡാറ്റാബാങ്ക് ശേഖരണവും പുരോഗമിക്കുന്നു.

| | |
|---|---|
| സി) കൃഷിയോഗ്യമായ ഭൂമിയുടെ വിവരം ശേഖരിച്ച് ഡാറ്റാ ബാങ്ക് രൂപീകരിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ; | (സി) ഡാറ്റാബാങ്ക് ശേഖരണം, വിജ്ഞാപനം എന്നിവ പൂർത്തിയാക്കുന്നതിന് 2010 ഡിസംബർ മാസംവരെ സമയം അനുവദിച്ചിട്ടുണ്ടെങ്കിലും, ഡാറ്റാബാങ്ക് ശേഖരണം പലജില്ലകളിലും ഊർജ്ജിതമായി പുരോഗമിച്ചുവരുന്നു. |
| (ഡി) എങ്കിൽ സംസ്ഥാനത്ത് കൃഷിയോഗ്യമായ എത്ര ഏക്കർ ഭൂമിയുണ്ടെന്നും അതിൽ എത്ര ഏക്കർ ഭൂമി തരിശായി കിടക്കുന്നുവെന്നും വെളിപ്പെടുത്തുമോ? | (ഡി) ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് കൃഷിയോഗ്യമായതും തരിശിട്ടിരിക്കുന്നതുമായ നെൽപാടങ്ങളുടെ വിശദാംശങ്ങൾ കൃത്യമായി ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 393 — 19.3.2010- ൽ മറുപടിയ്ക്ക്

കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബാബു പോൾ :<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീമതി.ഇ.എസ്.ബിജി മോൾ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.വി.എസ്.സുനിൽ കുമാർ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. |
| ബി) | ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | ബി) | ശരാശരി 30 തേങ്ങകളെങ്കിലും ഒരു വർഷം ലഭിക്കുന്നതും 4 മുതൽ 60 വർഷം വരെ പ്രായമുള്ളതുമായ തെങ്ങുകളെയാണ് ഇൻഷ്വർ ചെയ്യുന്നത്. അപ്രകാരമുള്ള 10 തെങ്ങുകളെങ്കിലുമുള്ള കർഷകർക്ക് ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യാം.<br>വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) | ഈ പദ്ധതിയിലെ കൃഷിക്കാരുടെ പ്രീമിയം വിഹിതവും സർക്കാർ വിഹിതവും എത്ര വീതമെന്ന് അറിയിക്കാമോ ; | സി) | ഈ പദ്ധതിയിൽ, ഇൻഷ്വറൻസ് പ്രീമിയത്തിൻെറ 50% നാളികേര വികസന ബോർഡും, 25% കേരള സർക്കാരും, 25% കർഷകനും അടയ്ക്കേണ്ടതാണ്. |

-----

| | | | |
|---|---|---|---|
| ഡി) | ഈ പദ്ധതി മുഖേന കേര കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | ഡി) | കേര കർഷകർക്ക് തെങ്ങുകൾ ഇൻഷ്വർ ചെയ്യാൻ പ്രീമിയം ഇനത്തിൽ ആകെ 75 % സബ്സിഡി ലഭിക്കുന്നു. വളരെ ചെറിയ തുക മാത്രമേ കർഷകന് ചെലവാക്കേണ്ടി വരുന്നുള്ളൂ. നാശനഷ്ടം നേരിട്ട തെങ്ങൊന്നിന് 15 വർഷം വരെയുള്ളവക്ക് 600 രൂപയും 16 മുതൽ 60 വർഷം വരെയുള്ളവക്ക് 1150 രൂപയും നഷ്ടപരിഹാരം ലഭിക്കുന്നു. കൂടാതെ പ്രീമിയം അടയ്ക്കുന്നതും നഷ്ടപരിഹാരം ലഭിക്കുന്നതും കൃഷിഭവൻ മുഖേനയാണെന്നതും കർഷകർക്ക് ആശ്വാസകരമാണ്. |

സെക്ഷൻ ഓഫീസർ

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം 393</u>**
**<u>'ബി' പിരിവിന്റെ മറുപടിക്കുള്ള അനുബന്ധം</u>**

ഒരു തോട്ടത്തിൽ ഭാഗികമായി ഇൻഷ്വറൻസ് അനുവദിക്കുന്നതല്ല. തെങ്ങുകൾ ഇൻഷ്വർ ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് അതാതു പ്രദേശത്തെ കൃഷി ഭവനിൽ പ്രീമിയം ഒടുക്കി ഇൻഷ്വർ ചെയ്യാവുന്നതാണ്. ഇൻഷ്വറൻസ് പ്രീമിയം ഒടുക്കിയ ശേഷം 30 ദിവസം കഴിഞ്ഞു മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യം നിലവിൽ വരികയുള്ളൂ. കൊടുങ്കാറ്റ്, കനത്തമഴ, ഉരുൾപൊട്ടൽ, മലയിടിച്ചിൽ, ഭൂമി കുലുക്കം, തീ പിടിത്തം, കാട്ടുതീ, നിയന്ത്രണാതീതവും വ്യാപകവുമായ രോഗ കീടബാധകൾ, വരൾച്ച, സുനാമി, എന്നീ സാഹചര്യങ്ങൾ മൂലം ഉൽപ്പാദനയോഗ്യമല്ലാത്ത വിധം തെങ്ങുകൾക്കുണ്ടാകുന്ന പരിപൂർണ്ണ നഷ്ടത്തിനോ, ഉൽപ്പാദനക്ഷമമല്ലാതാകുന്നതിനോ ആണ് നഷ്ടപരിഹാരം നൽകുന്നത്.

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 394

19/03/2010 ൽ
മറുപടിക്ക്

## സ്കൂളുകൾക്ക് മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.ബാബു | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) സ്കൂളുകൾക്ക് മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകണമെന്ന് സി.പി. നായർ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ; | (എ) & (ബി) കെ.ഇ.ആർ പരിഷ്കരണം സംബന്ധിച്ചുള്ള സി.പി. നായർ കമ്മറ്റി റിപ്പോർട്ടിൽ സ്കൂളുകൾക്ക് മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ശുപാർശകൾ ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | 1. സ്കൂളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും തമ്മിൽ കൂടുതൽ സജീവമായ ബന്ധമുണ്ടാകണം. കേരളത്തിലെ 66 ശതമാനം സ്കൂളുകൾ എയ്ഡഡ് മേഖലയിലാണ്. വിദ്യാഭ്യാസ മേഖലയിലെ സർക്കാർ ചെലവിന്റെ 60% എയ്ഡഡ് സ്കൂളിലേക്കാണ് പോകുന്നത്. |

തദ്ദേശസ്വയംഭരണ സ്ഥാപനം ഭരണഘടനാവ്യവസ്ഥകൾ പ്രകാരം രൂപപ്പെട്ടതാണ്. അതുകൊണ്ട് സാമൂഹികമായ ബാധ്യത എല്ലാ സ്ഥാപനങ്ങളും പാലിക്കുന്നുണ്ടെന്നും, ധനവിനിയോഗം കാര്യക്ഷമമായി നടക്കുന്നുവെന്നും ഗുണമേന്മയുള്ള വിദ്യാഭ്യാസം സാർവ്വത്രികമാകുന്നുവെന്നും ഉറപ്പാക്കാനുള്ള ഇടപെടൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

2. സ്കൂൾ തലങ്ങളിൽ സ്കൂൾ വികസന സമിതികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപികരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ വിദ്യാഭ്യാസ പരിപാടികൾ നടപ്പാക്കേണ്ടതും മോണിറ്റർ ചെയ്യേണ്ടതും ഈ സമിതിയായിരിക്കണം.

3. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന പ്രീ-പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന വിദ്യാഭ്യാസ പരിപാടികൾ ഏകോപിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഒരു വിദ്യാഭ്യാസ ഓഫീസർ ഉണ്ടായിരിക്കണം.

| | |
|---|---|
| (സി) പ്രസ്തുത ശുപാർശകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ഡി) എങ്കിൽ അവ എന്നത്തേക്ക് നടപ്പാക്കുമെന്ന് പറയുമോ? | (സി) & (ഡി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ ഇതു വരെ തീരുമാനമെടുത്തിട്ടില്ല. ഈ റിപ്പോർട്ടിലെ ശുപാർശകൾ ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ ഒരു ശിൽപശാല സംഘടിപ്പിക്കാൻ എസ്.സി.ഇ.ആർ.ടി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.395

19.3.2010 ൽ മറുപടിക്ക്

## വിവിധ പദ്ധതികൾക്കായി ഏറ്റെടുത്തതും ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമിയുടെ വിനിയോഗം

ചോദ്യം

ശ്രീ.കെ.വി.കുഞ്ഞിരാമൻ:
ശ്രീ.എം.എം.മോനായി :
ശ്രീ.വി.ചെന്താമരാക്ഷൻ :
ശ്രീ.എ.സി.മൊയ്തീൻ :
ശ്രീ.ടി.പി.കുഞ്ഞുണ്ണി :

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവിധ പദ്ധതികൾക്കായി സർക്കാർ ഏറ്റെടുത്തതും എന്നാൽ പദ്ധതി ഉപേക്ഷിക്കപ്പെട്ടതുമൂലം ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) | വിവിധ പദ്ധതികൾക്കായി പൊന്നുംവില നിയമ പ്രകാരം ഏറ്റെടുത്തതും പ്രസ്തുത പദ്ധതികൾക്കായി ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് 22.12.2000-ലെ ജി.ഒ.(എം.എസ്) 387/2000/അർ.ഡി നമ്പർ ഉത്തരവിൻ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (ബി) | ഈ വിഭാഗത്തിൽപ്പെട്ട എത്ര ഏക്കർ ഭൂമി സംസ്ഥാനത്തുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) | വിവിധ പദ്ധതികൾക്കായി സർക്കാർ ഏറ്റെടുത്തതും എന്നാൽ പദ്ധതി ഉപേക്ഷിക്കപ്പെട്ടതുമൂലം ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>(1) <u>ഇടുക്കി</u> - ഉടുമ്പൻചോല താലൂക്കിൽ കെ.എസ്.ഇ.ബിയ്ക്ക് വേണ്ടി ഏറ്റെടുക്കുകയും എന്നാൽ പദ്ധതി ഉപേക്ഷിച്ചതുമൂലം ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമി വിവരം -<br>ഇരട്ടയാർ - 1055.85 ഹെക്ടർ<br>പെരിഞ്ചാംകുട്ടി - 3323.3703 ഹെക്ടർ<br>കൊത്തുങ്കൽ - 2535.81 ഹെക്ടർ<br>(2) <u>എറണാകുളം</u> - സുനാമി പുനരധിവാസ പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുത്തിട്ടുള്ള കുമ്പളങ്ങി വില്ലേജിൽപ്പെട്ട സർവ്വെ നം.10/4-ൽ 1.44 ആർ,11/2-ൽ 17.40 ആർ, 12/2-ൽ 27.12 ആർ എന്നി വസ്തുക്കൾ ഉപയോഗിക്കാതെ കിടക്കുന്നു. |

| | | | |
|---|---|---|---|
| | | | (3) <u>പാലക്കാട്</u> - പാലക്കാട് കുളപ്പുള്ളി റോഡ് ബസ് ബേ നിർമ്മാണത്തിനായി ഏറ്റെടുത്ത 0.0057 ഹെക്ടർ ഭൂമി ഉപയോഗിക്കാതെ കിടക്കുന്നു. |
| (സി)<br><br><br>(ഡി) | ഇത്തരം ഭൂമി മുൻ ഉടമകൾക്ക് ന്യായമായ വിലയ്ക്ക് തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ ;<br><br>പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയിൽ പദ്ധതി പൂർത്തിയായതിനുശേഷം മിച്ചമുള്ള ഭൂമി മുൻ ഉടമകൾക്ക് ന്യായവിലയക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ ? | (സി)-യും (ഡി) യും | നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ഭൂമി തിരികെ നൽകുന്നതിന് വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 396 — 19/03/2010-ൽ മറുപടിക്ക്

### വിദ്യാലയങ്ങളിൽ സുരക്ഷാ യൂണിറ്റുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.ഉമ്മർ | | ശ്രീ.കെ.പി. രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) ദുരന്തങ്ങൾ നേരിടുന്നതിന് റവന്യൂ വകുപ്പിന് കീഴിൽ വിദ്യാലയങ്ങളിൽ സുരക്ഷാ യൂണിറ്റുകൾ രൂപീകരിക്കുന്നതിന് തീരുമാന മെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ ഈ പദ്ധതി വിശദീകരിക്കാമോ; | (ബി) | സംസ്ഥാന ദുരന്ത നിവാരണ വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി കേരളത്തിലെ 11815 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നമ്മുടെ സുരക്ഷ എന്ന പേരിൽ സുരക്ഷാ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിക്കുകയുണ്ടായി. കുട്ടികളിൽ ദുരന്ത നിവാരണ അവബോധം സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| (സി) എന്തെല്ലാം സേവനങ്ങളാണ് ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്; | (സി) | കുട്ടികളിൽ സുരക്ഷാ അവബോധം സൃഷ്ടിക്കാൻ അദ്ധ്യാകപർക്കും വിദ്യാർത്ഥികൾക്കും ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ പ്രത്യേകമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സുരക്ഷാ ഗൈഡുകളും ദുരന്ത നിവാരണത്തെ സംബന്ധിച്ച് ബാലസാഹിത്യ കൃതികളും കുട്ടികൾക്ക് സൗജന്യമായി നൽകുക എന്നീ സേവനങ്ങളാണ് ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. |
| (ഡി) ഇക്കാര്യത്തിനായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഈ പദ്ധതി നടപ്പാക്കുമോ ? | (ഡി) | പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ

— — —

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 397 *** **19.3.2010 ൽ മറുപടിക്ക്**

## മരാമത്ത് പണികൾ പൂർത്തീകരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എസ്. സലീഖ<br>ശ്രീ.കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ.സാജു പോൾ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ.പി.ജെ. ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മരാമത്ത് വകുപ്പ് കരാർ നൽകിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ). നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാർ നൽകുമ്പോൾത്തന്നെ അവ സമയബന്ധിതമായി പൂർത്തീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. നിശ്ചിത സമയത്തിന്മുമ്പ് പണി പൂർത്തിയാക്കുന്ന കരാറുകാർക്ക് ഇൻസന്റീവ് നൽകുന്നുണ്ട്. നിശ്ചിത സമയത്ത് പ്രവൃത്തി പൂർത്തിയാക്കാത്ത കരാറു കാരിൽനിന്ന് പിഴ ഈടാക്കുന്നുണ്ട്. ഇത് കൂടാതെ പ്രവൃത്തി ഉപേക്ഷിച്ചു പോകുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നുമുണ്ട്. |
| (ബി) കരാറിന് ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) ഇ-ടെണ്ടർ നടപ്പാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| (സി) കരാർ പണികളുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; | (സി) സ്വീകരിക്കാറുണ്ട് |

| | |
|---|---|
| (ഡി) നിശ്ചിത കാലാവധിക്കകം പണി പൂർത്തിയാക്കാത്ത കോൺട്രാക്ടർമാർ ക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) ഉണ്ട്. നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കാറുണ്ട്. പ്രവൃത്തി ഉപേക്ഷിച്ചു പോകുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നുമുണ്ട്. കൂടാതെ പ്രവൃത്തികൾ മറ്റൊരു കരാറുകാരനെക്കൊണ്ട് ചെയ്യിക്കുമ്പോൾ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ആദ്യകാരാറുകാരനിൽ നിന്നും ഈടാക്കുന്നു. |
| (ഇ) കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (ഇ) കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിന് ഈ സർക്കാർ മുന്തിയ പരിഗണന നൽകിയതുകൊണ്ട് ഇപ്പോൾ കുടിശ്ശിക നിലവിലില്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 398 — 19.3.2010- ൽ മറുപടിയ്ക്ക്

## കൊപ്രയുടെയും പച്ചത്തേങ്ങയുടെയും സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ് :<br>ശ്രീ.ടി.എൻ.പ്രതാപൻ :<br>ശ്രീ.എ.പി.അനിൽകുമാർ :<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) കൊപ്രയും പച്ചത്തേങ്ങയും സംഭരിക്കുവാൻ ഏർപ്പെടുത്തിയ സംവിധാനവും നിശ്ചയിച്ച വിലയും എന്താണെന്ന് വെളിപ്പെടുത്താമോ ;

ബി) സംസ്ഥാനത്ത് സംഭരണച്ചുമതല ആർക്കാണ് നൽകിയിരിക്കുന്നത് ;

(എ) & ബി) സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില 2009 സീസൺ പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര/ പച്ചത്തേങ്ങ സംഭരണം നടത്തുന്നതിനുള്ള വിപുലമായ സംവിധാനം കേരള സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. മില്ലിംഗ് കൊപ്രയ്ക്ക് ക്വിൻറലിന് 4450 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിൻറലിന് 4700 രൂപയുമാണ് താങ്ങുവിലയായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഈ വിലയ്ക്ക് കൊപ്ര സംഭരിക്കാൻ ഓരോ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള കമ്മിറ്റികൾ, സംഘങ്ങളെ തെരഞ്ഞെടുക്കുകയും അങ്ങനെ സംഭരിക്കുന്ന കൊപ്ര സംസ്ഥാനതല സംഭരണ ഏജൻസികൾ മുഖാന്തിരം കേന്ദ്ര ഏജൻസിയായ നാഫെഡിനു കൈമാറുകയും ചെയ്യുന്നു. തൊണ്ട് കളഞ്ഞതും പൊട്ടിയ്ക്കാത്തതുമായ നാളികേരത്തിന് കിലോയ്ക്ക് 12 രൂപ നിരക്കിലും രണ്ടായി പൊളിച്ച നാളികേരത്തിന് കിലോയ്ക്ക് 14 രൂപ നിരക്കിലും സംഭരിക്കുന്ന ഒരു പദ്ധതിയും സഹകരണ സംഘങ്ങൾ മുഖാന്തിരം നടപ്പാക്കുന്നുണ്ട്. സംഭരണം നടത്തുന്നതിന് നാഫെഡിന്റെ സംസ്ഥാനതല നോഡൽ

| | |
|---|---|
| | ഏജൻസികളായി കേരഫെഡ്, മാർക്കറ്റ് ഫെഡ്, കൺസ്യൂമർഫെഡ് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) സംഭരണം എന്നു മുതലാണ് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ ; | സി) 2009 ഏപ്രിൽ മാസം 25 മുതൽ കേരഫെഡ് മുഖാന്തിരം താങ്ങുവില സംഭരണം ആരംഭിച്ചു |
| ഡി) സംഭരണം സംബന്ധിച്ച് നാഫെഡും കേന്ദ്ര ഗവൺമെൻറും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്താണെന്ന് വെളിപ്പെടുത്തുമോ ? | ഡി) സംഭരണം സംബന്ധിച്ച് നാഫെഡ് വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത് കേന്ദ്ര ഏജൻസി എന്ന നിലയ്ക്ക് നാഫെഡും സംസ്ഥാനതല ഏജൻസി എന്ന നിലയ്ക്ക് കേരഫെഡും തമ്മിൽ ഒപ്പുവച്ച എഗ്രിമെൻറിലാണ്. പ്രസ്തുത എഗ്രിമെൻറിൻെറ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 399 * — 19.3.2010 ൽ മറുപടിക്ക്

## മരാമത്ത് പണികളുടെ നടത്തിപ്പിന് നിബന്ധനകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.സി. എം.ദിനേശ് മണി<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ.പി.ജെ. ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മരാമത്ത് പണികളുടെ നടത്തിപ്പ് സംബന്ധിച്ച് പുതുതായി ആവിഷ്കരിച്ച നിബന്ധനകൾ എന്തെല്ലാമാണ്; | (എ). കരാറുകാരുടെ മുൻ യോഗ്യതാ നിർണ്ണയ പരിധി 2 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 4.1.2010 ലെ സർക്കാർ ഉത്തരവ് (പി) നം.2/2010/ധന പ്രകാരം ടെണ്ടർ എക്സസ് അംഗീകരിക്കുന്നതിന് പുതിയ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ട്. (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ വർഷം മരാമത്ത് പണികൾക്ക് അനുമതി നൽകുന്നതിന് ഈ നിബന്ധനകൾ പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാ ക്കുമോ; | (ബി) പരിഗണിച്ചിട്ടുണ്ട് |
| (സി) കരാർ പ്രകാരം പണി പൂർത്തിയാക്കാത്തവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) നടപടി സ്വീകരിച്ചുവരുന്നുണ്ട് |
| (ഡി) ഈ വർഷം പൊതുമരാമത്ത് വകുപ്പിൽ എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി) ഈ വർഷം കെട്ടിട വിഭാഗത്തിൽ 469.89 കോടി രൂപയുടേയും നിരത്തുവിഭാഗത്തിൽ 2703.985 കോടി രൂപയുടേയും നബാർഡ് സഹായത്താൽ 147 കോടി രൂപയുടെയും പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ദേശീയ പാതാവിഭാഗത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ഈ വർഷം 118.99 കോടി രൂപയുടെ പ്രവൃത്തികളും അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഇ) പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ കാലതാമസം പരിശോധിക്കാനും പരിഹാരം നിർദ്ദേശിക്കാനും സംവിധാനം ഏർപ്പെടുത്തുമോ ? | (ഇ) പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി റിവ്യൂ & മോണിട്ടറിംഗ് സിസ്റ്റം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 400 — 19/03/2010-ൽ മറുപടിക്ക്

## പാഠപുസ്തകങ്ങളുടെ പരിഷ്കരണം

**ചോദ്യം**

പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. പി. വിശ്വൻ

**ഉത്തരം**

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | അടുത്ത വർഷം ഏതെല്ലാം ക്ലാസുകളിലെ ഏതെല്ലാം പാഠപുസ്തകങ്ങളാണ് പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ; | എ) | 2010-11 അധ്യയന വർഷം ഇൻഫർമേഷൻ ടെക്നോളജി ഒഴികെയുള്ള ഒമ്പതാം തരത്തിലെ എല്ലാ പാഠപുസ്തകങ്ങളും, എട്ടാം തരത്തിലെ ഇൻഫർമേഷൻ ടെക്നോളജി പുസ്തകവും പരിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | ദേശീയ പാഠ്യപദ്ധതി പരിഷ്കരണ പദ്ധതി പ്രകാരം എല്ലാ ക്ലാസുകളിലേക്കുമുള്ള പാഠപുസ്തകങ്ങളുടെ പരിഷ്കരണം പൂർത്തിയായിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | ബി) | ദേശീയ പാഠ്യപദ്ധതി പരിഷ്കരണ പദ്ധതി പ്രകാരമുള്ള പാഠപുസ്തകങ്ങളുടെ പരിഷ്കരണം ഘട്ടം ഘട്ടമായി നടപ്പാക്കിവരികയാണ്. ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിലേക്കുള്ള പരിഷ്കരിച്ച പാഠപുസ്തകങ്ങൾ ഇതിനകം നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. ഒമ്പതാം തരത്തിലേത് അടുത്തവർഷം (2010-2011) നടപ്പാക്കുന്നതിനും 10, 11, 12 ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ പരിഷ്കരണം തുടർന്നുള്ള വർഷങ്ങളിൽ നടപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | പാഠപുസ്തകങ്ങളിലെ അപാകതകൾ പരിഹരിക്കുന്നതിനും കുറ്റമറ്റതാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | സി) | സ്വീകരിച്ച നടപടികൾ ചുവടെ ചേർത്തിരിക്കുന്നു.<br>1.ഓരോ പാഠപുസ്തകവും തയാറാക്കുന്നതിന് ഒരു അക്കാദമിക് വിദഗ്ധൻ ചെയർമാനായുള്ള പാഠപുസ്തക രൂപീകരണ കമ്മിറ്റിക്ക് രൂപം നൽകി. ഈ സമിതിക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിന് അഡ്വൈസർമാരെ നിയോഗിച്ചു.<br><br>2. പാഠപുസ്തകം സൂക്ഷ്മ പരിശോധന നടത്തുന്നതിന് വിഷയബന്ധിതമായ ഒരു വിദഗ്ധ ഗ്രൂപ്പിന് രൂപം നൽകി. എല്ലാ വിഷയങ്ങൾക്കും ഇത്തരത്തിലുള്ള വിദഗ്ധ ഗ്രൂപ്പുകൾ നിലവിലുണ്ട്.<br><br>3. വിദഗ്ധ ഗ്രൂപ്പ് സൂക്ഷ്മ പരിശോധന നടത്തിയ പാഠപുസ്തകങ്ങൾ കരിക്കുലം സബ്കമ്മിറ്റി വീണ്ടും പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചു.<br><br>4. അക്ഷരത്തെറ്റുകൾ ഒഴിവാക്കുന്നതിന് പ്രൊഫഷണലായ പ്രൂഫ് റീഡർമാരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.<br><br>5. പ്രസ്സിൽ അച്ചടി ആരംഭിക്കുന്നതിന് മുമ്പ് എസ്.സി.ഇ.ആർ.ടി.യിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയ ശേഷമേ പാഠപുസ്തകം അച്ചടിക്കാവൂ എന്ന നിർദ്ദേശം നൽകി. |

Shama

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 401** **19/03/2010-ൽ മറുപടിക്ക്**

## മാതൃകാ സ്കൂൾ പദ്ധതി

**ചോദ്യം**

ശ്രീ.പി.തിലോത്തമൻ:
ശ്രീ.എൻ.അനിരുദ്ധൻ:
ശ്രീ.കെ.രാജു:
ശ്രീ.പള്ളിപ്രം ബാലൻ:
ശ്രീ.വി.എസ്. സുനിൽകുമാർ

എ) കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്ന മാതൃകാ സ്കൂൾ പദ്ധതിയിൽ നിന്നും കേരളത്തെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ഒഴിവാക്കാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

ബി) കസ്തൂർബാ ഗാന്ധി ബാലികാ വിദ്യാലയ പദ്ധതി, നാഷണൽ പ്രോഗ്രാം ഫോർ എഡ്യൂക്കേഷൻ ഓഫ് ഗേൾസ് അറ്റ് എലിമെന്ററി ലെവൽ പദ്ധതി തുടങ്ങിയവയിൽ നിന്നും സംസ്ഥാനത്തെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരം ഒഴിവാക്കലിലൂടെ മൊത്തം എത്ര കോടി രൂപയുടെ ആനുകൂല്യങ്ങളാണ് സംസ്ഥാനത്തിന് നിഷേധിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

ശ്രീ.എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി).

എ) യും ബി) യും കസ്തൂർബാഗാന്ധി ബാലികാ വിദ്യാലയ പദ്ധതി, നാഷണൽ പ്രോഗ്രാം ഫോർ എഡ്യൂക്കേഷൻ ഓഫ് ഗേൾസ് അറ്റ് എലിമെന്ററി ലെവൽ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ല.

കേന്ദ്ര ഗവൺമെന്റ് ഇന്ത്യയൊട്ടുക്ക് 3500 ഗേൾസ് ഹോസ്റ്റലും 2500 മോഡൽ സ്കൂളും വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന ബ്ലോക്കുകളിൽ സ്ഥാപിക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി ഇന്ത്യയൊട്ടുക്ക് പിന്നോക്കം നിലക്കുന്ന ബ്ലോക്കുകളുടെ ലിസ്റ്റ് കേന്ദ്ര ഗവൺമെന്റിന്റെ മാനവശേഷി വികസന മന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റിൽ ചാലക്കുടി ഉൾപ്പെടുത്തിയിട്ടുണ്ട്. ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ ടി പദ്ധതി നടപ്പിലാക്കാൻ ഡി.പി.ഐ. സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

കേന്ദ്ര സർക്കാർ പിന്നോക്ക ബ്ലോക്കു നിശ്ചയിക്കാൻ ഉപയോഗിക്കുന്ന മാനദണ്ഡം കേരളത്തിനു സഹായം ലഭിക്കാൻ തടസ്സം ഉണ്ടാക്കുന്ന തരത്തിലുള്ളതാണ്. മാനദണ്ഡം പുന:പരിശോധിക്കണമെന്നുള്ള സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -402 19.3.2010 ൽ മറുപടിക്ക്**

## പുതിയ ബൈപാസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ദിവാകരൻ:<br>" വി. എൻ. വാസവൻ:<br>" സി.എം. ദിനേശ് മണി:<br>" എ.എം. യൂസഫ്: | ശ്രീ. പി.ജെ. ജോസഫ്<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) പ്രധാന മുനിസിപ്പൽ നഗരങ്ങളിലെ തിരക്ക് ഒഴിവാക്കുന്നതിനായി പുതിയ ബൈപാസുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 24 ബൈപാസുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. ദേശീയപാത വികസന പദ്ധതിയുമായി ബന്ധപ്പെട്ട് എൻ. എച്ച് - 47-ൽ ആറ്റിങ്ങൽ, എൻ.എച്ച് 17-ൽ കണ്ണൂർ, ചാവക്കാട്, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലും കെ.എസ്.ടി.പി പദ്ധതിയുടെ രണ്ടാംഘട്ടത്തിൽപ്പെടുത്തി തിരുവല്ല, പാല, തൊടുപുഴ എന്നിവിടങ്ങളിലും പുതിയ ബൈപാസുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) ബൈപാസ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ഡി) ബൈപാസ് നിർമ്മാണത്തിന് കേന്ദ്ര സഹായം ലഭിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) ദേശീയ പാതയിലെ ബൈപാസ് നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പിനുള്ള മുഴുവൻ പണവും കേന്ദ്രസർക്കാരാണ് നൽകുന്നത്. മറ്റ് ബൈപാസുകൾക്ക് കേന്ദ്ര സഹായം ഒന്നും ലഭിക്കുന്നില്ല. |
| (ഇ)നിർമ്മാണം പൂർത്തിയാക്കാനുള്ള ബൈപാസുകൾ ഏതെല്ലാമാണ്; ഇവയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;<br><br>(എഫ്) ഇവ പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) &(എഫ്)<br>റോഡുകളും പാലങ്ങളും വിഭാഗത്തിൽ ഭരണാനുമതി ലഭിച്ച ബൈപാസുകളുടെ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. ദേശീയപാത വിഭാഗത്തിൽ നിർമ്മാണം നടന്ന് വരുന്ന ബൈപാസുകളുടെ പ്രവർത്തന പുരോഗതി അനുബന്ധം II -ൽ ചേർത്തിരിക്കുന്നു. കെ.എസ്.ടി. പി പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട അടൂർ ബൈപാസിന്റെ പണി പൂർത്തിയായി കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്ന ബൈപാസുകളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

<u>നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഭരണാനുമതി ലഭിച്ച ബൈപാസുകളുടെ വിശദാംശം</u>

| നമ്പർ | പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | റാന്നി ബൈപാസ് 1st &IInd 6 | 600 |
| 2 | മുണ്ടക്കയം ബൈപാസ് | 200 |
| 3 | കോടിമത-ചുങ്കം ബൈപാസ്(സ്ഥലമെടുപ്പ് മാത്രം) | 500 |
| 4 | പട്ടിത്താനം, ഏറ്റുമാനൂർ, മണർകാട് | 1000 |
| 5 | കാക്കനാട്-തങ്കളം ബൈപാസ് | 500 |
| 6 | പെരുമ്പാവൂർ ബൈപാസ് | 1000 |
| 7 | യാക്കര-തിരുനെല്ലായി ബൈപാസ് | 243 |
| 8 | കോട്ടയ്ക്കൽ ബൈപാസ് | 736 |
| 9 | കർമ്മ ബൈപാസ് | 1400 |
| 10 | പേരാമ്പ്ര ബൈപാസ് | 730 |
| 11 | വടക്കും കൂർ ബൈപാസ് (കടുത്തുരുത്തി) | 830 |
| 12 | മണ്ണുത്തി-വടക്കേതറ-താന്നികൂടം കുണ്ടുകാട് ബൈപാസ് | 180 |
| 13 | കൊല്ലങ്കോട് ബൈപാസ് (വടക്കാഞ്ചേരി-പൊള്ളാച്ചി റോഡ്) | 1300 |
| 14 | നിലമ്പൂർ ബൈപാസ് | 1600 |
| 15 | നരിക്കുനി ബൈപാസ് (സ്ഥലമെടുപ്പ് ഉൾപ്പെടെ) | 950 |
| 16 | കുറ്റിയാടി ബൈപാസ് | 550 |
| 17 | മാഹി ബൈപാസ് | 125 |
| 18 | അഞ്ചൽ ബൈപാസ് | 200 |
| 19 | കോലാനി-വെങ്ങല്ലൂർ ബൈപാസ് | 360 |
| 20 | മൂവാറ്റുപ്പുഴ ടൗൺ ബൈപാസ് | 725 |
| 21 | തത്തമംഗലം ബൈപാസ് | 298 |
| 22 | അകത്തേത്തറ ബൈപാസ് | 250 |
| 23 | മാനന്തവാടി ബൈപാസ് | 340 |
| 24 | പെരുമണ്ണ ബസാർ ബൈപാസ് | 115 |

| | | | |
|---|---|---|---|
| എൻ.എച്ച്-47 | | | |
| 1 | ആലപ്പുഴ ബൈപാസ് | സ്ഥലമെടുപ്പ് കഴിഞ്ഞു | റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം ഒഴികെയുള്ള പണി പൂർത്തിയായി |
| 2 | കൊല്ലം ബൈപാസ് | സ്ഥലമെടുപ്പ് കഴിഞ്ഞു | 5. കി.മീ നിർമ്മാണം പൂർത്തിയായി. 8 കി.മീ പൂർത്തീകരിക്കാനുണ്ട്. |
| 3 | തിരുവനന്തപുരം ബൈപാസ് | 25 കി.മീ സ്ഥലമെടുപ്പ് പൂർത്തിയായി. 19 കി.മീ സ്ഥലമെടുക്കേ ണ്ടതുണ്ട് | 22 കി.മീ. നിർമ്മാണം പൂർത്തിയായി |
| 4 | ആറ്റിങ്ങൽ ബൈപാസ് | സ്ഥലമെടുക്കേണ്ടതുണ്ട്. | |
| എൻ. എച്ച് 17 | | | |
| 1 | തലശ്ശേരി - മാഹി ബൈപാസ് | 9.5 കി.മീ സ്ഥലമെടുപ്പ് പൂർത്തിയായി. 8.5 കി.മീ സ്ഥലമെടുക്കേണ്ടതുണ്ട് | പ്രവർത്തി തുടങ്ങിയിട്ടില്ല. |
| 2 | കൊയിലാണ്ടി ഡീവിയേഷൻ | സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല. | |
| 3 | കോഴിക്കോട് ബൈപാസ് | 28 കി.മീ സ്ഥലമെടുപ്പ് പൂർത്തിയായി. | 16 കി.മീ നിർമ്മാണം പൂർത്തിയായി 6.കി.മീ നിർമ്മാണം പുരോഗതിയിലാണ്. |
| 4 | കൊടുങ്ങല്ലൂർ ബൈപാസ് | സ്ഥലമെടുപ്പ് പുരോഗതിയിലാണ്. | |
| 5 | കണ്ണൂർ ബൈപാസ് | സ്ഥലമെടുക്കേണ്ടതുണ്ട്. | |
| 6 | ചാവക്കാട് ബൈപാസ് | സ്ഥലമെടുക്കേണ്ടതുണ്ട് | |
| എൻ. എച്ച് 49 | | | |
| 1 | തൃപ്പൂണിത്തുറ ബൈപാസ് | 3.45 കി.മീ സ്ഥലമെടുപ്പ് പുരോഗതിയിലാണ്. | |
| 2 | മൂവാറ്റുപുഴ ബൈപാസ് | സ്ഥലമെടുക്കേണ്ടതുണ്ട് | |
| 3 | കോതമംഗലം ബൈപാസ് | സ്ഥലമെടുക്കേണ്ടതുണ്ട് | |

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 403 | 19.3.2010- ൽ മറുപടിയ്ക്ക്

## കൊപ്രാ സംഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എം.എ.വാഹിദ് :<br>ശ്രീ.വർക്കല കഹാർ :<br>ശ്രീ.വി.ഡി.സതീശൻ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) | താങ്ങുവില പ്രകാരം സംഭരിക്കുന്ന കൊപ്രയുടെ ഗുണമേന്മയെപ്പറ്റി നാഫെഡ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം എന്ന് പറയുമോ ; | (എ) | താങ്ങുവില നൽകി സംഭരിക്കുന്ന കൊപ്രയ്ക്കു നാഫെഡ് നിർദ്ദേശിച്ചിട്ടുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ അനുസരിച്ച് കൊപ്രയുടെ ജലാംശം ആറ് ശതമാനത്തിൽ കവിയരുതെന്നും പൂപ്പൽ പിടിച്ചതും മൂക്കാത്തതുമായ (റബ്ബറി)കൊപ്രയുടെ അളവ് 10 ശതമാനത്തിൽ കൂടരുതെന്നുമാണ്. |
| ബി) | ഈ നിർദ്ദേശങ്ങൾ കൊപ്രാ സംഭരിക്കുന്ന സഹകരണ സംഘങ്ങളെ കേരഫെഡ് അറിയിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | ബി) & സി) | ഇത് തന്നെയാണ് അംഗീകൃത മാനദണ്ഡമെന്ന് എല്ലാ സംഘങ്ങളെയും കേരഫെഡ് അറിയിച്ചിട്ടുണ്ട്. |
| സി) | ഈ നിർദ്ദേശങ്ങൾ സഹകരണ സംഘങ്ങളെ അറിയിക്കാത്തതിനാൽ അവർ സംഭരിക്കുന്ന കൊപ്രയ്ക്ക് ഗുണമേന്മയില്ലാത്തതുകൊണ്ട് തിരിച്ചയക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| ഡി) | കേരഫെഡ് തമിഴ്നാട്ടിൽ നിന്നും കൊപ്രാ സംഭരിക്കുന്നത് എന്തു വിലയ്ക്കാണ് ; അത് കേരഫെഡിൽ എത്തിക്കുമ്പോൾ ക്വിന്റൽ ഒന്നിന് കയറ്റിറക്ക് ചിലവും കടത്തു കൂലിയും ഉൾപ്പെടെ എന്തു വിലയാവും എന്നു വ്യക്തമാക്കുമോ ? | ഡി) | കേരഫെഡ് ഇപ്പോൾ തമിഴ്നാട്ടിൽ നിന്നും കൊപ്ര സംഭരിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 404** **19-03-2010- ൽ മറുപടിയ്ക്ക്**

**വിള ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. ജോർജ് എം. തോമസ് :<br>ശ്രീ. പി. ജയരാജൻ :<br>ശ്രീ. എം.ജെ. ജേക്കബ് :<br>ശ്രീമതി ജെ. അരുന്ധതി : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക വിളകൾക്ക് ആവിഷ്ക്കരിച്ചിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ ; | (എ) സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് 1995 മുതൽ നടപ്പിലാക്കി വരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇൻഡ്യ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്ന ദേശീയ കാർഷിക ഇൻഷുറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷുറൻസ് പദ്ധതി എന്നിവയാണ് കേരളത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട് ; ഏതെല്ലാം വിളകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | (ബി) 2008-09 റാബി വിളക്കാലത്ത് നടപ്പിലാക്കിയ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി നെൽകൃഷിയ്ക്ക് പാലക്കാട് ജില്ലയിലെ പട്ടാമ്പി, തൃത്താല, പാലക്കാട്, മലമ്പുഴ, മണ്ണാർക്കാട്, ശ്രീകൃഷ്ണപുരം, ആലത്തൂർ, കുഴൽമന്ദം. നെന്മാറ, കൊല്ലങ്കോട്, ചിറ്റൂർ എന്നീ ബ്ലോക്കുകളിലും മാവ് കൃഷിയ്ക്ക് കൊല്ലങ്കോട്, ചിറ്റൂർ, ആലത്തൂർ, കുഴൽമന്ദം, നെന്മാറ, പാലക്കാട്, മലമ്പുഴ എന്നീ ബ്ലോക്കുകളിലും കശുമാവ് കൃഷിയ്ക്ക് കാസർഗോഡ് ജില്ലയിലാകെയും ഇൻഷുറൻസ് പരിരക്ഷ നൽകി പദ്ധതി നടപ്പിലാക്കി.<br>2009-10 ഖാരിഫ് വിളക്കാലത്ത് പാലക്കാട് ജില്ലയിലെ ആലത്തൂർ, ചിറ്റൂർ, കൊല്ലങ്കോട്, മണ്ണാർക്കാട്, പട്ടാമ്പി, തൃത്താല, ഒറ്റപ്പാലം, ശ്രീകൃഷ്ണപുരം എന്നീ 8 ബ്ലോക്കുകളിൽ നെൽകൃഷിയും ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം, കട്ടപ്പന, ഇടുക്കി, പീരുമേട്, അടിമാലി ദേവികുളം, ഇളംദേശം, തൊടുപുഴ എന്നീ 8 ബ്ലോക്കുകളിൽ കായ്ക്കുന്ന കുരുമുളക് കൃഷിയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>2009-10 റാബി വിളക്കാലത്ത് പാലക്കാട് ജില്ലയിലെ ആലത്തൂർ, ചിറ്റൂർ, കൊല്ലങ്കോട്. മണ്ണാർക്കാട്, പട്ടാമ്പി, തൃത്താല, ഒറ്റപ്പാലം. ശ്രീകൃഷ്ണപുരം എന്നീ ബ്ലോക്കുകളിൽ നെൽകൃഷിയ്ക്കും കാസർഗോഡ് ജില്ലയിൽ കശുമാവിനും കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. |

(സി) പുതുതായി ഏതെങ്കിലും വിളകളെ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

(സി) നിലവിൽ കേരളത്തിലെ 25 പ്രധാന വിളകളെ സംസ്ഥാന കാർഷിക വിള ഇൻഷുറൻസ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ് .

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 405 19.03.2010-ൽ മറുപടിയ്ക്ക്

## "ഹോർട്ടിക്കോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ "

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു. | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഹോർട്ടിക്കോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) ഹോർട്ടിക്കോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ റീജിയണൽ ഓഫീസുകൾ ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ തുറന്ന് പ്രവർത്തിപ്പിക്കുകയും പത്തനംതിട്ട ജില്ലയിൽ പുതിയ റീജിയണൽ ഓഫീസ് സ്ഥാപിക്കുകയുമുണ്ടായി. ഈ റീജിയണൽ ഓഫീസുകളുടെ കീഴിൽ നിരവധി സ്വന്തം വിപണനകേന്ദ്രങ്ങളും ഫ്രാഞ്ചൈസികളും തുടങ്ങിയിട്ടുണ്ട്. തത്ഫലമായി പ്രവർത്തനശേഷി ഇരട്ടിയിലധികമായി വർദ്ധിപ്പിക്കുവാനും കഴിഞ്ഞ 3 വർഷമായി സാധിച്ചിട്ടുണ്ട്. കൂടാതെ ഗുരുവായൂരിൽ 6 സ്റ്റാളുകളുള്ള ഹോർട്ടിക്കോർപ്പിന്റെ ആദ്യത്തെ ഹൈപ്പർമാർക്കറ്റ് ആരംഭിക്കുകയും ചെയ്തു. |
| ബി) സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടി കോർപ്പറേ | ബി) മൂന്നാറിലെ കാന്തല്ലൂർ, വട്ടവട എന്നിവിടങ്ങളിൽ നിന്നും, പാലക്കാട്, വടകരപ്പതി, |

| | |
|---|---|
| ഷൻ മുഖേന ശേഖരിക്കുന്നതിൽ എന്തു മാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്; | ഉടുമ്പന്നൂർ, വയനാട് എന്നിവിടങ്ങളിൽ നിന്നും ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം, കഞ്ഞിക്കുഴി പഞ്ചായത്തുകളിൽ നിന്നും, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ നാനാ വിപണികളിൽ നിന്നും കൂടാതെ, പ്രാദേശികമായി ലഭ്യമാകുന്ന ചെറിയ അളവായാൽപ്പോലും ഇടനിലക്കാരില്ലാതെ പച്ചക്കറികൾ കർഷകരിൽ നിന്നും ഹോർട്ടിക്കോർപ്പ് സംഭരിച്ചു വരുന്നു. |
| (സി) ഹോർട്ടിക്കോർപ്പിന്റെ പ്രവർത്തന മേഖല വിപിലീകരിക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) ഉണ്ട്. ഹോർട്ടിക്കോർപ്പിന്റെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആയിരം പച്ചക്കറിഗ്രാമങ്ങൾ പദ്ധതിയുമായി സഹകരിച്ച് ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ഹരിത വിപണനം എന്ന ബൃഹത്തായ പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ട്. ജൈവവള രീതിക്കാണ് മുൻഗണന നൽകുന്നത്. സ്വാശ്രയബോധവും കർമ്മശേഷിയും വർദ്ധിപ്പിക്കുന്നതിന് വിദ്യാഭ്യാസത്തോടൊപ്പം വരുമാനം എന്ന നിലയിൽ സ്കൂൾ-കോളേജ് തലങ്ങളിൽ വമ്പിച്ച ബോധവൽക്കരണവും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 406 19.03.2010-ൽ മറുപടിയ്ക്ക്

## "കൃഷി വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ "

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.രാജു എബ്രഹാം | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; | എ) കൃഷി വകുപ്പിന്റെ കീഴിൽ 10 പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്. ഇവയിൽ ട്രിവാൻഡ്രം റബ്ബർ വർക്സ്, കേരള നാളികേര വികസന കോർപ്പറേഷൻ എന്നിവ പ്രവർത്തനരഹിതമാണ്. മറ്റ് 8 പൊതുമേഖലാ സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു. കൂടാതെ കേരഫെഡ്, നടുക്കര അഗ്രോ പ്രോസസിംഗ് കമ്പനി , വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ എന്നിവ കർഷക പങ്കാളിത്തത്തോടെ കൃഷി വകുപ്പിനു കിഴിൽ പ്രവർത്തിച്ചുവരുന്നു.<br>1) കേരള ആഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്, എറണാകുളം.<br>2) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് , കോട്ടയം.<br>3) ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, കോട്ടയം.<br>4) കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, കൊച്ചി.<br>5) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് |

| | |
|---|---|
| | കേരള ലിമിറ്റഡ്, പുനലൂർ.<br>6) കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.<br>7) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.<br>8) കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്റ്റ് ഡവലപ്മെൻറ് കോർപ്പറേഷൻ, തിരുവനന്തപുരം. |
| ബി) ഇവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാം ആണെന്ന് വെളിപ്പെടുത്തുമോ; | ബി) 1) കേരള ആഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്, എറണാകുളം.<br>2) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം.<br>3) ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, കോട്ടയം.<br>4) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, പുനലൂർ.<br>5) കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, കൊച്ചി<br>6) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.<br>7) ഹോർട്ടിക്കോർപ്പ്, തിരുവനന്തപുരം. |
| സി) ആഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ കാർഷിക മേഖലയിലെ യന്ത്രവൽക്കരണത്തിനായി നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ; | സി)1) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തിരുവല്ല, വൈക്കം, തൃശ്ശൂർ, പാലക്കാട് തുടങ്ങിയ കേന്ദ്രങ്ങളിൽ കൊയ്ത്ത് മെതിയന്ത്രങ്ങളുടെ ഹയറിംഗ് സെന്ററുകൾ തുടങ്ങി. ഇവിടേയ്ക്കായി 18 യന്ത്രങ്ങൾ ഇപ്പോൾ വാടകയ്ക്കായി നൽകി വരുന്നു. ഇവിടെ നിന്ന് കർഷകർക്ക് മണിക്കൂറിന് 1000 രൂപ നിരക്കിൽ കൊയ്ത്ത് മെതിയന്ത്രം വാടകയ്ക്ക് നൽകി വരുന്നു. ഈ കൊയ്ത്ത് മെതിയന്ത്രങ്ങൾ കർഷകരുടെ ആവശ്യപ്രകാരം കൊയ്ത്തു സീസണിൽ മറ്റ് ജില്ലകളിലേയ്ക്കും നൽകി വരുന്നു.<br>2) മേൽപ്പറഞ്ഞ ഹയറിംഗ് സെന്ററുകളിൽ |

| | |
|---|---|
| | കമ്പയിൻ ഹാർവസ്റ്ററുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ഷെഡുകളും യന്ത്രസാമഗ്രഹികൾ റിപ്പയർ ചെയ്യുവാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.<br>3) RKVY-ൽ ഉൾപ്പെടുത്തി കോർപ്പറേഷന്റെ നിലവിലുള്ള വർക്ക്ഷോപ്പുകളെ നവീകരിക്കുവാനുള്ള പദ്ധതി നടന്നു വരുന്നു. ഇവിടെ നൂതന യന്ത്ര സാമഗ്രികൾ റിപ്പയർ ചെയ്യുവാനുള്ള സൗകര്യം ഉണ്ടായിരിക്കും.<br>4) ഭക്ഷ്യസുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂരിലെ കോൾ ലാന്റുകൾക്കായി 7 കമ്പയിൻ ഹാർവസ്റ്ററും 7 നടീൽ യന്ത്രങ്ങളും 16 ടില്ലറുകളും ഹയറിംഗിന് നൽകുവാനുള്ള പദ്ധതി അന്തിമ ഘട്ടത്തിലാണ്. ഇതിന് പുറമേ പാലക്കാട് ജില്ലയിൽ ഭക്ഷ്യസുരക്ഷയിൽ ഉൾപ്പെടുത്തി മൂന്ന് കമ്പയിൻ ഹാർവസ്റ്റർ ഹയറിംഗിന് നൽകുവാനുള്ള നടപടികളും പൂർത്തിയായി വരുന്നു.<br>5) തിരുവല്ലയിലും തിരുവനന്തപുരത്തും കാർഷിക യന്ത്രങ്ങളും അനുബന്ധ ഉപകരണങ്ങളും വിൽക്കുന്ന ഒരോ ഷോറൂം സ്ഥാപിച്ചു. ഇവിടെ കർഷകർക്ക് ആവശ്യമായ എല്ലാ നൂതന യന്ത്രങ്ങളും ലഭിക്കുന്നു. കൂടാതെ വിവിധ യന്ത്രങ്ങളെക്കുറിച്ച് കർഷകർക്ക് അറിവ് നൽകുകയും അതിന്റെ പ്രവർത്തനം കർഷകർക്ക് വിശദമാക്കുകയും ചെയ്യുന്നു. തിരുവനന്തപുരത്ത് എല്ലാ കാർഷികയന്ത്രങ്ങളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്ന ഒരു അഗ്രി സൂപ്പർ ബസാറിന്റെ പണി അന്തിമ ഘട്ടത്തിലാണ്.<br>6) കർഷകർക്ക് യന്ത്രവൽക്കരണത്തിലെ |

| | |
|---|---|
| | നൂതന ആശയങ്ങൾ ഗ്രഹിക്കുവാനായി തൃശ്ശൂരിൽ ഒരു ട്രെയിനിംഗ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ വിവിധ യന്ത്ര സാമഗ്രികളിലുള്ള ട്രെയിനിംഗ് നടത്തി വരുന്നു. കൂടാതെ റൈസ് മെക്കനൈസേഷൻ പാക്കേജിൽ ഉൾപ്പെടുത്തി തൃശ്ശൂരിൽ കർഷകർക്കായി സമഗ്ര ട്രയിനിംഗ് നടത്തി. കമ്പയിൻ ഹാർവസ്റ്റുകളുടെ പ്രവർത്തനത്തിലും മെയിന്റനൻസിലും വിദഗ്ദ്ധ പരിശീലനം നൽകി.<br>7) സ്മാൾ ഫാം മെക്കനൈസേഷൻ & അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 6 ട്രാക്ടറുകളും 5 ട്രാൻസ്പ്ലാന്ററുകളും 5 ടില്ലറും കർഷകർക്ക് ഹയറിംഗിനായി നൽകുവാൻ ഉൾപ്പെടുത്തി.<br>8) കോർപ്പറേഷന്റെ വർക്ക്ഷോപ്പുകളിൽ അനുബന്ധ കാർഷിക ഉപകരണങ്ങൾ ഫാബ്രിക്കേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. ഇവിടെ മെതിയന്ത്രം, പാറ്റ് യന്ത്രം, തെങ്ങ് കയറ്റയന്ത്രം. കൊപ്രാ ഡ്രയർ തുടങ്ങിയ യന്ത്രങ്ങൾ ഫാബ്രിക്കേറ്റ് ചെയ്യുന്നു.<br>9) പ്രമോഷൻ & സ്ട്രംഗ്തനിംഗ് ഓഫ് ന്യൂലി ഡവലപ്ഡ് എക്വിപ്മെന്റ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിൽ ഉടനീളം നൂതന യന്ത്രങ്ങളായ നടീൽ യന്ത്രം, കൊയ്ത്തുമെതിയന്ത്രം തുടങ്ങിയവയിൽ കർഷകർക്ക് പരിശീലനം നടത്തി. |
| ഡി) കോർപ്പറേഷൻ എത്ര മെതിയന്ത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; | ഡി) 39 മെതിയന്ത്രങ്ങൾ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. |
| ഇ) എണ്ണപ്പനകൃഷി വ്യാപിപ്പിക്കുന്നതിന് ഓയിൽപാം ഇൻഡ്യ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഇ) ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡിന് കൊല്ലം ജില്ലയിൽ 3646 ഹെക്ടർ സ്ഥലത്ത് എണ്ണപ്പനക്കൃഷിയുണ്ട്. |

| | |
|---|---|
| | ചെറുകിട കർഷകരുടെ ഇടയിൽ എണ്ണപ്പനക്കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഓയിൽ പാം ഡെവലപ്മെന്റ് പ്രോഗ്രാം പദ്ധതി (OPDP) 1999 മുതൽ ഓയിൽ പാം ഇൻഡ്യയിൽ നടപ്പിലാക്കി വരുന്നു. നാളിതുവരെ 9 ജില്ലകളിലായി 1413 ഹെക്ടർ സ്ഥലത്ത് എണ്ണപ്പനക്കൃഷി ചെയ്തിട്ടുണ്ട്. ഈ പദ്ധതിപ്രകാരം കൃഷി ചെയ്യുന്ന കർഷകർക്ക് സാമ്പത്തിക സഹായമായി ഹെക്ടർ ഒന്നിന് 23,000/- രൂപ സബ്സിഡി നൽകി വരുന്നു. ഇതിന്റെ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും നൽകി വരുന്നു. കൂടാതെ കൃഷിക്കാർക്കാവശ്യമായ സാങ്കേതിക പരിജ്ഞാനവും ഓയിൽ പാം ഇൻഡ്യ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 407 *** **19.3.2010 ൽ മറുപടിക്ക്**

### <u>സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക്</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.സി. കെ. സദാശിവൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. സാജു പോൾ | ശ്രീ.പി.ജെ. ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; | (എ) ഓരോ പ്രവൃത്തിക്കും ആവശ്യമായ നിരക്ക് നിശ്ചയിക്കുന്നതിനുള്ള സാങ്കേതിക വിവരങ്ങളും മാനദണ്ഡങ്ങളുമാണ് പി.ഡബ്ല്യു.ഡി സ്റ്റാൻഡേർഡ് ഡേറ്റാ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) ഏത് വർഷം വരെയുള്ള നിർമ്മാണ പ്രക്രിയയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | (ബി) ഇപ്പോൾ നിലവിലുള്ള സ്റ്റാന്റേഡ് ഡാറ്റാ ബുക്ക് 1965-ൽ പ്രസിദ്ധീകരിച്ചതും 31-12-1980 വരെയുള്ള തിരുത്തലുകളും ഭേദഗതികളും ഉൾപ്പെടുത്തിയതുമാണ്. |
| (സി) ആധുനിക യന്ത്ര വൽകൃത നിർമ്മാണ രീതികൾ പുതിയ നിർമ്മാണ സാമഗ്രികളുടെ ഉപയോഗം, ഗുണനിലവാരം തുടങ്ങി കാലാനുസൃതമാറ്റങ്ങളോടുകൂടി ടാറ്റാ ബുക്ക് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) പി.ഡബ്ല്യു.ഡി റേറ്റുകൾ എല്ലാ വർഷവും പുതുക്കി നടപ്പാക്കുന്നതുകൊണ്ട് എന്തെങ്കിലും നേട്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) പി.ഡബ്ല്യു.ഡി റേറ്റുകൾ പുതുക്കി നിടപ്പാക്കുന്നതുകൊണ്ട് പൊതുവിപണിയിലെ നിരക്കിലെ വ്യത്യാസങ്ങൾ ഉൾക്കൊള്ളിക്കുവാൻ കഴിയുന്നു. അതുകൊണ്ട് ടെണ്ടർ വ്യതിയാനം കുറയ്ക്കാനും കാലതാമസം ഒഴിവാക്കി പ്രവർത്തികൾ അംഗീകരിക്കാനും കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.408

19.3.2010ൽ മറുപടിക്ക്

## നദീതീര സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

ചോദ്യം

ശ്രീ.വി.ജെ.തങ്കപ്പൻ:

ശ്രീ.വി.എൻ.വാസവൻ :

ശ്രീമതി.കെ.കെ.ലതിക :

ശ്രീ.എം.ജെ.ജേക്കബ് :

ശ്രീ.എം.ഹംസ :

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ

(റവന്യൂ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നദീതീരസംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമവും 2002-ലെ അനുബന്ധ ചട്ടങ്ങളും പ്രകാരം സംസ്ഥാനത്തെ നദികളുടേയും അതിന്റെ വൃഷ്ടി പ്രദേശങ്ങളുടേയും സമഗ്ര വികസനത്തിനും നദീതീരങ്ങൾ സംരക്ഷിക്കുന്നതിനും നദികളിൽ കടവുകൾ നിർമ്മിക്കുന്നതിനും നദികളുടെ ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിനും ഉതകുന്ന തരത്തിൽ ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പു വരുന്നതുമായ നിരവധി പദ്ധതികൾ സംസ്ഥാനത്തൊട്ടാകെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | നദീസംരക്ഷണ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിനുള്ള ജില്ലാതല വിദഗ്ദ്ധസമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (ബി) | ജില്ലാ കളക്ടർമാർ ചെയർമാൻമാരായും ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ്/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കൺവീനറായും മറ്റ് സർക്കാർ/സർക്കാരിതര വകുപ്പുകളിലെ വ്യക്തികൾ മെമ്പർമാരായും പ്രവർത്തിച്ചു വരുന്ന ജില്ലാ വിദഗ്ദ്ധ സമിതികൾ കാര്യക്ഷമതയുള്ളതും യാതൊരുവിധ അക്ഷേപങ്ങൾക്കും ഇടനൽകാതെ പ്രവർത്തിച്ചു വരുന്നവയുമാണ്. |
| (സി) | നദികളിൽ മണൽ ഖനനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ആരംഭിച്ച മണൽ ആഡിറ്റ് പൂർത്തിയായിട്ടുണ്ടോ ; | (സി) | മുകളിൽ പരാമർശിച്ചിട്ടുള്ള നിയമവും ചട്ടങ്ങളും പ്രകാരം മണൽ ആഡിറ്റിന്, ഭൗമ പഠനകേന്ദ്രത്തേയും (CESS), CWRDM-നേയമാണ് പ്രധാനമായും ആശ്രയിയ്ക്കുന്നത്. പ്രസ്തുത ഗവേഷണ സ്ഥാപനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ മുഴുവൻ നദികളിലെയും മണൽ ആഡിറ്റിന് പരിമിതികൾ ഉണ്ടെങ്കിൽ കൂടി, ഈ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പെരിയാറിലേയും മണിമലയാറിലേയും ആഡിറ്റ് പ്രവർത്തനം നടന്നു വരുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ മാനവ വിഭവശേഷിയുടെ കുറവ് കണക്കിലെടുത്ത് അതത് ജില്ലകളിലെ എഞ്ചിനീയറിംഗ് കേളേജുകളെയോ സമാന സ്ഥാപനങ്ങളേയോ ഏർപ്പെടുത്തി മണൽ ആഡിറ്റ് നടത്തുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ മുഴുവൻ നദികളിലും മണൽ ആഡിറ്റ് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് നദീസംരക്ഷണം നടത്താനുള്ള പദ്ധതി ആവിഷ്കരിക്കുമോ എന്ന് വിശദമാക്കുമോ ? | (ഡി) | റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദീസംരക്ഷണത്തിന് ഉതകുന്ന ബൃഹത്തായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. പ്രകൃതികയ്ക്ക് ഇണങ്ങുന്ന രീതിയിൽ നദിയുടേയും, നദീതീരങ്ങളുടേയും ജൈവ ഭൗതിക പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ഉള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഇപ്രകാരം കഴിഞ്ഞ നാലു വർഷക്കാലത്തിനിടയിൽ 560 പ്രവർത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 409*** **19.3.2010 ൽ മറുപടിക്ക്**

## അപകട സാധ്യതാ മേഖലകളിലെ സുരക്ഷിതത്വത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എം.മോനായി<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ. വി.ശശികുമാർ<br>ശ്രീ. കെ.കെ. ദിവാകരൻ | ശ്രീ.പി.ജെ. ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ട്രാഫിക് സുരക്ഷിതത്വത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ബസ് ബേകൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) എല്ലാ ജില്ലകളിലും ബസ്ബേകൾ നിർമ്മിക്കുന്നതിനുള്ള ഒരു പരിപാടി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) റോഡ് സുരക്ഷയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നടത്തുന്ന മറ്റു പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (ബി) റോഡ് ജ്യോമെട്രിക്സ് മെച്ചപ്പെടുത്തുക, ജംഗ്ഷനുകളിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുക, സ്ക്കൂൾ മേഖലകളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുക, റോഡിൽ സീബ്രാ ക്രോസിംഗ് അടയാളപ്പെടുത്തുക, ചുവന്ന ചിമ്മുന്ന ലൈറ്റുകൾ സ്ഥാപിക്കുക, മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക ഉപരിതലം മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് മറ്റ് പ്രവർത്തനങ്ങൾ. |
| (സി) സ്കൈ വാക്കുകൾ നിർമ്മിക്കു - ന്നതിന് ഏതെല്ലാം നഗരങ്ങൾ തെരഞ്ഞെടു- ത്തിട്ടുണ്ടെന്ന് അറിയിക്കുമോ ; | (സി) നഗരങ്ങൾ ഒന്നും തെരഞ്ഞെടുത്തിട്ടില്ല. |
| (ഡി) അപകട സാധ്യതാ മേഖലകളിലെ സുരക്ഷിതത്വത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) അപകട സാദ്ധ്യതാ മേഖലകളിൽ റോഡ് ജ്യോമെട്രിക്സ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചിമ്മുന്ന ചുമന്ന ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ക്കൂൾ മേഖലകളിൽ സൈൻ ബോർഡുകൾ സ്ഥാപിച്ചുവരുന്നു. കൂടാതെ സീബ്രാ ക്രോസിംഗ്, മുന്നറിയിപ്പ് ബോർഡുകൾ എന്നിവയും സ്ഥാപിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : 410

19-03-2010 – ൽ മറുപടിയ്ക്ക്

## ഭൂവികസന കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.കെ.സി.രാജഗോപാലൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാന ഭൂവികസന കോർപ്പറേഷന്റെ പ്രവർത്തനം വിശദമാക്കുമോ ; | (എ)കേരളത്തിലെ കാർഷികോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1972-ൽ രൂപീകൃതമായ ഭൂവികസന കോർപ്പറേഷൻ നബാർഡിന്റെ ആർഐഡിഎഫ് ൽ ഉൾപ്പെട്ട നിർമ്മാണ പ്രവൃത്തികളും മറ്റ് ഏജൻസികൾ (ഓണാട്ടുകര വികസന ഏജൻസി, തൃശൂർ കോൾ വികസന ഏജൻസി, പൊക്കാളി വികസന ഏജൻസി) വഴി നടപ്പിലാക്കുന്ന പദ്ധതികൾ, ജില്ലാ കളക്ടർ നേരിട്ട് ഏൽപ്പിക്കുന്ന പ്രവർത്തികൾ, ജില്ലാ പഞ്ചായത്ത് വഴിയുള്ള പ്രവൃത്തികൾ, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പ്രോഗ്രാം, ഫുഡ് സെക്യൂരിറ്റി പ്രോഗ്രാം, പാഡി മിഷൻ പ്രോഗ്രാം എന്നിവയിൽ ഉൾപ്പെട്ട പദ്ധതികളും നടത്തി വരുന്നു. |
| (ബി)ഇപ്പോൾ ഏതെല്ലാം പദ്ധതികളാണ് കോർപ്പറേഷൻ നടപ്പാക്കുന്നത് ; | (ബി)കേരള ഭൂവികസന കോർപ്പറേഷൻ ഇപ്പോൾ നടത്തി വരുന്ന പദ്ധതികൾ അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| (സി)നെൽകൃഷി മെച്ചപ്പെടുത്തുന്നതിന് കോർപ്പറേഷൻ നടത്തിയിട്ടുള്ള അടിസ്ഥാന വികസന പദ്ധതികൾ കൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ; | (സി)2006-07 മുതൽ 2009-10 കാലയളവിൽ കെഎൽഡിസി 46 കോടി രൂപയുടെ 6698 ഹെക്ടറിലുള്ള വിവിധ പദ്ധതികളുടെ അടിസ്ഥാന വികസന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. കെഎൽഡിസി പൂർത്തീകരിച്ച വിവിധ പദ്ധ |

| | |
|---|---|
| | തികളിലൂടെ 5000 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി സുസ്ഥിരമാക്കുന്നതിനും 3000 ഹെക്ടർ സ്ഥലത്ത് ഇരുപ്പൂ കൃഷി ചെയ്യുന്നതിനും സാധിച്ചു. ഇതു കൂടാതെ 1000 ഹെക്ടർ വരുന്ന താഴ്ന്ന പ്രദേശത്ത് നെൽ കൃഷി ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. 1500 ഹെക്ടർ വരുന്ന കരഭൂമിയ്ക്കും ഈ പദ്ധതികൾ മുഖേന പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (ഡി)പുതുതായി ഏതെല്ലാം പദ്ധതികൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു എന്നു വിശദമാക്കുമോ; ഇവയുടെ എസ്റ്റിമേറ്റ്സ് തുക എത്രയാണ് ; | (ഡി)2009-10ൽ RIDF XV ൽ ഉൾപ്പെടുത്തുന്നതിനായി അനുബന്ധം-2ൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ നബാർഡിൽ സമർപ്പിച്ചു. |
| (ഇ)ഈ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ? | (ഇ) അനുബന്ധം 2ൽ പറഞ്ഞിരിക്കുന്ന പദ്ധതികളിൽ ആദ്യത്തെ 6 എണ്ണത്തിന് ഭരണാനുമതി നൽകി കഴിഞ്ഞു. 7-ാമത്തെ പദ്ധതിയ്ക്ക് നബാർഡ് അംഗീകാരം ലഭിച്ചു. ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

Ramesh

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

### I. ആർഐഡിഎഫ് ൽ ഉൾപ്പെട്ട പദ്ധതികൾ

1. പൊക്കാളി വികസന പദ്ധതി - പാർട്ട് I & II
2. വൈക്കം കരിനില വികസന പദ്ധതി

RIDF X

3. കുട്ടനാട് വികസന പദ്ധതി (3പാടങ്ങൾ)
4. പഴങ്ങാട്ട് വടക്ക് തെക്കേ ചാൽ

RIDF XI

5. ഉപ്പുവെള്ള നിയന്ത്രണ പദ്ധതി
6. പാലക്കാട് ജില്ലയിലെ കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ
7. നെടുമ്പന പാടശേഖരങ്ങളുടെ വികസന പ്രവൃത്തികൾ
8. തൊടിയൂർ - വട്ടക്കായൽ
9. മാലാക്കായൽ വികസന പ്രവൃത്തി
10. കുട്ടനാടൻ പാടശേഖരങ്ങളുടെ വികസന പദ്ധതി (9 പാടശേഖരം)
11. അന്നമനട പ്രോജക്ട്

RIDF XII

12. അങ്കമാലി മാഞ്ഞാലി പദ്ധതി
13. കുട്ടനാട് വികസന പദ്ധതി (4 പാടശേഖരം)
14. പുറക്കാട് കരിനില വികസന പദ്ധതി (3 പാടശേഖരം)

RIDF XIII

15) 7 വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി (കൊല്ലം, ആലപ്പുഴ ജില്ലകൾ)

   a) തഴവ പഞ്ചായത്തിലെ പാടശേഖരങ്ങളുടെ വികസന പ്രവർത്തനം.
   b) പെരുവേലിൽ ചാൽ പുഞ്ച - ചുനക്കര പഞ്ചായത്ത്
   c) ഉള്ളിട്ട പുഞ്ച, പത്തിയൂർ പഞ്ചായത്ത്
   d) മാൻതറ മീൻചാൽ പാടശേഖരം - കരുവാറ്റ പഞ്ചായത്ത്
   e) കാക്കാഴം പാടശേഖരം
   f) ആനാട്ടുപ്പുറം കായൽ പാടശേഖരം-മുട്ടാർ പഞ്ചായത്ത്
   g) തെറ്റിക്കാലം പാടം - കരുവാറ്റ പഞ്ചായത്ത്.

RIDF XIV

16)'5' വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി
   a) തുറവൂർ കരിനില വികസന പദ്ധതി ( 6 പാടശേഖരം)
   b) ആനച്ചാംകുഴി പാടശേഖരം - കല്ലറ പഞ്ചായത്ത്
   c) എളമ്പഴന്നൂർ, വടക്കേവയൽ ഏല - കടക്കൽ പഞ്ചായത്ത്
   d) ഇൻറൻസീവ് ക്രോപ്പ് പ്രൊഡക്ഷൻ പദ്ധതി - കുഴൂർ പഞ്ചായത്ത്
   e) കുരിയോട് പനയിൽ ഏല, വെള്ളുപ്പാറ ഏല - ചടയമംഗലം പഞ്ചായത്ത്

RIDF XV

**II. രാഷ്ട്രീയ കൃഷി വികാസ്‌യോജന പദ്ധതി**

a) 4 പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ (കൊല്ലം)
b) തൃശൂർ ജില്ലയിലെ mm കനാൽ IVth റീച്ച് - ബണ്ട് ഉയർത്തലും കനാൽ വീതികൂട്ടലും - കാട്ടൂർ തെക്കുംപാടം.
c) പുറംബണ്ട് ഉയർത്തലും കനാൽ വീതി കൂട്ടലും, സ്ലൂയിസ് നിർമ്മാണവും - ചെമ്മീൻ ചാൽ (പാരാപ്പുഴ ചാൽ)
d) mm കനാൽ 2nd റീച്ച് ബണ്ട് ഉയർത്തലും വീതികൂട്ടലും - വാരിയത്തു പടവ് മുതൽ ചെമ്മണ്ട പുള്ളിയം പാടം കടുംകൃഷി കർഷക സംഘം.

III. വിഷൻ 2010-താണിശ്ശേരി പാലത്തിന്റെ നിർമ്മാണം.

IV. NRHM - താലൂക്ക് ഹോസ്പിറ്റൽ നോർത്ത് പറവൂർ.

V. ജില്ലാ പഞ്ചായത്ത് വർക്ക് കോഴിക്കോട് (വേളം ആയംച്ചേരി, ചെറണ്ടത്തൂർചിറ, ആവള പാണ്ടി പാടശേഖരം).

VI. കെഡിഎ സചേതന പരിപാലന പദ്ധതി, തൃശൂർ.

VII. സംരക്ഷണഭിത്തി നിർമ്മാണം - ഫാം തോട് ഇരിങ്ങാലക്കുട പടിയൂർ പഞ്ചായത്ത്.

VIII. ഭക്ഷ്യ സുരക്ഷാ പദ്ധതി - തൃശൂർ, ആലപ്പുഴ.

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

1. പാടശേഖരം - ഞാറയ്ക്കൽ പഞ്ചായത്ത് : 27.00 ലക്ഷം
2. ഏളംമ്പഴന്നൂർ ഏല, വടക്കേവയൽ ഏല - കടക്കൽ പഞ്ചായത്ത് : 83.27 ലക്ഷം
3. തുറവൂർ കരിലാൻറ് പ്രോജക്ട് (6 പാടശേഖരം) ആലപ്പുഴ : 254.55 ലക്ഷം
4. ആനച്ചാംകുഴി പാടശേഖരം കല്ലറ പഞ്ചായത്ത് - കൊല്ലം : 96.65 ലക്ഷം
5. ഇൻറൻസീവ് ക്രോപ്പ് പ്രൊഡക്ഷൻ കുഴൂർ പഞ്ചായത്ത് : 401.08 ലക്ഷം
6. കുരിയോട് പനയിൽ ഏല, വെള്ളുപ്പാറ ഏല - ചടയമംഗലം പഞ്ചായത്ത് : 79.72 ലക്ഷം
7. അരികുപുറം പാടശേഖരം വെച്ചൂർ പഞ്ചായത്ത് : 49 ലക്ഷം

(signature)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 411** **19/03/2010-ൽ മറുപടിക്ക്**

**ഓപ്പൺസ്കൂളുകളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി**

**ചോദ്യം**
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. കെ.വി. കുഞ്ഞിരാമൻ
ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ. പി. ടി. എ. റഹീം

**ഉത്തരം**
ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പുന: സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പ്രൊഫ. എ. അച്യുതൻ ചെയർമാനായ വിദഗ്ധസമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) | ഹയർ സെക്കണ്ടറി പഠനത്തിനായി കഴിഞ്ഞ വർഷം എത്ര വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തുവെന്നു വെളിപ്പെടുത്തുമോ; | ബി) | ഹയർ സെക്കണ്ടറി പഠനത്തിനായി 2009-11 ബാച്ചിലേയ്ക്ക് റഗുലർ വിഭാഗത്തിൽ 2,88,149 വിദ്യാർത്ഥികളും പ്രൈവറ്റ് വിഭാഗത്തിൽ 97,160 വിദ്യാർത്ഥികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) | ഓപ്പൺ സ്കൂളുകൾ മുഖേന കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | സി) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ മുഖേന കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമാണ്. |
| ഡി) | അടുത്ത വർഷം ഹയർസെക്കണ്ടറി സ്കൂളുകളിൽ കൂടുതൽ സീറ്റുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | ഡി) | 2010-11 വർഷം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 20% മാർജിനൽ സീറ്റ് വർദ്ധന അനുവദിച്ചിട്ടുണ്ട്. സീറ്റ് വർദ്ധന ആവശ്യപ്പെടുന്ന എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾക്കും 20% വരെ സീറ്റ് വർദ്ധന അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 412 — 19.03.2010 ൽ മറുപടിയ്ക്ക്

## "ആത്മ' യുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | : | ശ്രീ. മുല്ലക്കര രത്നാകരൻ |
| ശ്രീ. കെ.സി. ജോസഫ് | : | (കൃഷി വകുപ്പ് മന്ത്രി) |
| ശ്രീ. അടൂർ പ്രകാശ് | : | |
| ശ്രീ. എൻ. ശക്തൻ | : | |

(എ) 'ആത്മ' അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇതിലേക്കായി കേന്ദ്രഗവൺമെന്റ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ;

(എ) കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനും കാർഷിക മേഖലയുടെ പുരോഗതിയ്ക്കുതകുന്നവിധം കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ വകുപ്പുകളുടേയും കാർഷിക സർവ്വകലാശാലയുടേയും ഗവേഷണ സ്ഥാപനങ്ങളുടേയും ഈ മേഖലയിൽ നടക്കുന്ന ശാസ്ത്ര പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളുടേയും ഏകോപനവും അവയുമായി ബന്ധപ്പെട്ട വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുമാണ് ആത്മയിലൂടെ ലക്ഷ്യമിടുന്നത്. കർഷകർക്കായി പരിശീലന പരിപാടികൾ, പ്രദർശനത്തോട്ടങ്ങൾ, കാർഷികാനുബന്ധ മേഖലയിലെ പ്രദർശന യൂണിറ്റുകളും പ്രദർശന പഠനയാത്രകളും, കർഷക/ഉത്പാദന/ഉല്പന്ന ഗ്രൂപ്പുകളുടെ രൂപീകരണവും ശാക്തീകരണവും, കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കുമുള്ള അവാർഡുകളും മറ്റും പ്രോത്സാഹന സമ്മാനങ്ങളും, ജില്ലാതല പ്രദർശന മേളകൾ, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, ഇലക്ട്രോണിക് മാദ്ധ്യമങ്ങളുപയോഗിച്ചുള്ള വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, കർഷകരും ശാസ്ത്രജ്ഞരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചേർന്നുള്ള ശില്പശാല, ബ്ലോക്ക് തലതതിൽ ഫാം ഇൻഫർമേഷൻ അഡ്വൈസറി സെന്ററുകളുടെ രൂപീകരണം, മികച്ച കൽഷകരുടെ കൃഷിയിടങ്ങളിൽ ഫാം സ്കൂൾ നടപ്പിലാക്കൽ

എന്നിവയ്ക്കായി കേന്ദ്രസർക്കാർ പ്രത്യേകമായി അംഗീകരിച്ചിട്ടുള്ള തുകയുടെ 90% സാമ്പത്തിക സഹായം നൽകുന്നു.

2005-06 വർഷം കേന്ദ്രവിഹിതമായി 80 ലക്ഷം രൂപ, 2006-07 ൽ 117 ലക്ഷം രൂപ, 2007-08 ൽ 125 ലക്ഷം രൂപ, 2008-09 ൽ 470 ലക്ഷം രൂപ, 2009-10 നാളിതുവരെയായി 243.27 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ബി). 'ആത്മ' നടത്തിപ്പിലേക്കായി സംസ്ഥാന-ജില്ലാതല സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) 'ആത്മ' പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായും പ്രിൻസിപ്പൽ കൃഷി ആഫീസർ പ്രോജക്ട് ഡയറക്ടറായും കാർഷിക അനുബന്ധ വകുപ്പുകളിലെ ജില്ലാതല തലവന്മാരും കാർഷികമേഖലയുമായി ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളുടെ പ്രതിനിധികളും അംഗങ്ങളായുള്ള ചാരിറ്റബിൾ സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. ജില്ലാ ആത്മ സൊസൈറ്റിയുടെ കീഴിൽ എല്ലാ ബ്ലോക്കുകളിലും ഫാം ഇൻഫർമേഷൻ ആന്റ് അഡ്വൈസറി സെന്റർ പ്രവർത്തിച്ചു വരുന്നു. ഈ സെന്ററിന് 2 ഉപസമിതികളും രൂപീകരിച്ചിട്ടുണ്ട്. ബ്ലോക്ക് തല ഉദ്യോഗസ്ഥർ അംഗങ്ങളായുള്ള ബ്ലോക്ക് ടെക്നോളജി ടീമും വിവിധ കാർഷികവിളകളുടെ പ്രതിനിധികൾ, വനിത കർഷകർ, കർഷകസമിതി പ്രതിനിധികൾ, ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഫാർമർ അഡ്വൈസറി കമ്മിറ്റി യുമാണ് ഇപ്രകാരം പ്രവർത്തിക്കുന്നത്. സംസ്ഥാന തലത്തിൽ ആത്മ സൊസൈറ്റികളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനും, വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ, കാർഷിക സർവ്വകലാശാലാ പ്രതിനിധികൾ തുടങ്ങിയവർ മെമ്പർമാരായും കൃഷി ഡയറക്ടർ മെമ്പർ

സെക്രട്ടറിയായും രൂപീകരിച്ചിട്ടുള്ള ഇന്റർ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിച്ചു വരുന്നു.

(സി) ഇതിന്റെ സംസ്ഥാന-ജില്ലാതല ഭരണ നിർവ്വഹണ സമിതിയംഗങ്ങളുടെ പേരുവിവരം വെളിപ്പെടുത്തുമോ?

(സി) സംസ്ഥാന തലത്തിൽ കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ഇന്റർ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പാണ് ആത്മ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത്. ഈ വർക്കിംഗ് ഗ്രൂപ്പിൽ താഴെ പറയുന്നവർ ഉൾപ്പെടുന്നു.
പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി(കൃഷി) വൈസ് ചെയർമാനും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (ആസൂത്രണം), സെക്രട്ടറി (മൃഗസംരക്ഷണം/ക്ഷീര വികസനം), സെക്രട്ടറി (ഗ്രാമവികസനം), കാർഷിക സർവ്വകലാശാലാ വൈസ് ചാൻസലർ, സെക്രട്ടറി (ജലവിഭവം), സെക്രട്ടറി (തദ്ദേശ സ്വയം ഭരണം), ഡയറക്ടർ (മൃഗസംരക്ഷണം), ഡയറക്ടർ (ഫിഷറീസ്), ഡയറക്ടർ (ക്ഷീര വികസനം), അഗ്രി ചീഫ്, പ്ളാനിംഗ് ബോർഡ് , അസിസ്റ്റന്റ് ഡയറക്ടർ (മണ്ണു സംരക്ഷണം) മുതലായവർ അംഗങ്ങളായും കൃഷി ഡയറക്ടർ (സംസ്ഥാന ആത്മ നോഡൽ ഓഫീസർ) മെമ്പർ സെക്രട്ടറിയായും ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും ആത്മ ഗവേണിംഗ് ബോഡിയും പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ചെയർമാനായിട്ടുള്ള ആത്മാ മാനേജ്മെന്റ് കമ്മിറ്റിയും എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നു. ആത്മ ഗവേണിംഗ് ബോഡിയിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ മൃഗസംരക്ഷണ ആഫീസർ, ജില്ലാ ക്ഷീരവികസന ആഫീസർ, ജില്ലാ ഫിഷറീസ് ആഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ ജലസേചനം, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ജലസേചനം, ലീഡ് ബാങ്ക് മാനേജർ, കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ തലവൻ / റീജിയണൽ അസോസിയേറ്റ് ഡയറക്ടർ, കേരള

സർവ്വകലാശാലാ, ജില്ലാ പഞ്ചായത്തിന്റെ
പ്രതിനിധി, ജില്ലാ മണ്ണു സംരക്ഷണ ആഫീസർ,
ജില്ലയിലെ പ്രധാന വിളകൾ കൃഷി ചെയ്യുന്ന
കർഷക പ്രതിനിധികൾ, ഒരു ലൈവ് സ്റ്റോക്ക്
ഉല്പാദകൻ, ഒരു വനിതാ കർഷക, ഒരു പട്ടിക
ജാതി/പട്ടിക വർഗ്ഗ കർഷകൻ എന്നിവർ
അംഗങ്ങളും ജില്ലാ കൃഷി ആഫീസർ മെമ്പർ
സെക്രട്ടറിയുമാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 413*** — **19.3.2010 ൽ മറുപടിക്ക്**

## റോഡുകളിലെ പാർക്കിംഗ് സൗകര്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സി. രാജഗോപാലൻ :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. എം. കെ. പുരുഷോത്തമൻ :<br>ശ്രീ. പി. ടി. എ. റഹീം : | ശ്രീ. പി. ജെ. ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റോഡുകളിലെ പാർക്കിംഗ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 17-9-2008 ൽ എം.എഫ്.എ.66/2003 ന്റെ വിധിയിൽ വാഹന ഗതാഗതം ഏറെയുള്ള റോഡുകളിലും മെയിൻ റോഡുകളിലും 1989 ലെ റോഡ് റെഗുലേഷൻ റൂൾസ് പ്രകാരം പാർക്കിംഗ് നിരോധിച്ച കാര്യം ചൂണ്ടിക്കാട്ടുകയുണ്ടായി. അതിനാൽ റോഡുകളിൽ പാർക്കിംഗ് സൗകര്യം നൽകുവാൻ നിർവാഹമില്ല. |
| (ബി) നഗരങ്ങളിൽ പാർക്കിംഗിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) നിലവിൽ നഗരങ്ങളിൽ പാർക്കിംഗിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതും വികസിപ്പിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആണ്. |
| (സി) റോഡ് വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ പാർക്കിംഗ് സൗകര്യം കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി). ജനസാന്ദ്രതയേറിയ കേരളത്തിൽ വികസന പദ്ധതികൾക്ക് സ്ഥലം അക്വയർ ചെയ്യേണ്ടി വരുന്നത് സാമൂഹിക പ്രശ്നമായി മാറുന്നതും സർക്കാരിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതുമാണ്. എങ്കിലും സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് പുതിയതായി ഏറ്റെടുക്കുന്ന റോഡ് വികസന പദ്ധതികളിൽ, പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 414 — 19-03-2010 - ൽ മറുപടിക്ക്

## പുതുതായി അനുവദിക്കുന്ന സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശികുമാർ<br>ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് അടുത്ത അധ്യയന വർഷം സർക്കാർ - എയ്ഡഡ് മേഖലകളിൽ പുതുതായി സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ; | (എ) സർക്കാരിന്റെ നിലവിലുള്ള നയപരമായ തീരുമാനം അനുസരിച്ച് സാധാരണഗതിയിൽ സർക്കാർ / എയിഡഡ് മേഖലകളിൽ പുതുതായി സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br>(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ? | <u>(ബി) യും (സി) യും</u><br>അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനത്തെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 415

19.03.2010-ൽ മറുപടിയ്ക്ക്

## പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് എം.പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ആഭ്യന്തര പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് കൃഷി വകുപ്പ് നടത്തി വരുന്നത്; | എ) ആഭ്യന്തര പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ആയിരം ജൈവ പച്ചക്കറി ഗ്രാമ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, മലപ്പുറം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലായി 1333 ഹെക്ടർ സ്ഥലത്ത് നെൽപ്പാടങ്ങളിൽ മൂന്നാം വിളയായി പച്ചക്കറി കൃഷി പദ്ധതിയും നടപ്പിലാക്കിവരുന്നു. |
| ബി) ഗുണമേൻമയുള്ള വിത്ത് തൈകൾ, വളം എന്നിവ കർഷകർക്ക് യഥാസമയം സൗജന്യമായോ ന്യായ വിലയ്ക്കോ ലഭ്യമാക്കുവാൻ സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കുമോ; | ബി) ആയിരം പച്ചക്കറി ഗ്രാമ പദ്ധതി മുഖേന, വിത്ത്,വളം ജൈവ കീടനാശിനി , പന്തൽ, ജലസേചനം എന്നിവയ്ക്കായി ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ പച്ചക്കറി ഗ്രാമങ്ങൾക്ക് സഹായം നൽകുന്നുണ്ട്. കൂടാതെ പച്ചക്കറികളുടെ നടീൽ വസ്തുക്കൾ സൗജന്യമായി വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, കേരള വിതരണം നടത്തുന്നുമുണ്ട്. |

| | |
|---|---|
| സി) അടുക്കള പച്ചക്കറിത്തോട്ടം പദ്ധതി വ്യാപിപ്പിക്കുന്നതിനായി സത്വര നടപടി സ്വീകരിക്കുമോ; | സി) സ്വീകരിക്കും. പുതിയതായി രൂപീകരിച്ച വെജിറ്റബിൾ മിഷനു കീഴിൽ അടുക്കള പച്ചക്കറിതോട്ടം പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള വീട്ടാവശ്യത്തിനായി വീടുകളിൽ കൃഷി ചെയ്യുന്നവരെയും പ്രോൽസാഹിപ്പിക്കുന്നതിനായി 'ഹരിത നഗരി' എന്ന പദ്ധതി എല്ലാ ജില്ലയിലും നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ സംസ്ഥാനത്ത് ആകെ 6806 പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. |
| ഡി) കലാലയങ്ങളിലും പൊതുസ്ഥാപനങ്ങളുടെ ചുറ്റുപാടും ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സ്ഥലങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) സ്വീകരിക്കും. പുതിയതായി രൂപീകരിച്ച വെജിറ്റബിൾ മിഷൻ പദ്ധതിയിൽ കലായലങ്ങളിലും, പൊതു സ്ഥാപനങ്ങളുടെ ചുറ്റിലും പച്ചക്കറി കൃഷി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഈ വർഷം 100 വിദ്യാലയങ്ങളിൽ പദ്ധതി നടപ്പാക്കി വരും. വർഷം 500 സ്കൂളുകളിലെങ്കിലും പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.416

19.3.2010ൽ മറുപടിക്ക്

## കായൽ കയ്യേറ്റക്കാർക്കെതിരെ കർശന നടപടി

ചോദ്യം

ശ്രീ.സി.കെ.സദാശിവൻ:
ശ്രീ.ആനത്തലവട്ടം ആനന്ദൻ :
ശ്രീ.കെ.കുഞ്ഞിരാമൻ :
ശ്രീ.എ.എം.ആരിഫ് :
ശ്രീ.എം.കെ.പുരുഷോത്തമൻ :

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൻതോതിൽ കായലുകൾ കയ്യേറിയിട്ടുണ്ടെന്ന റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിൽ കായലുകൾ കൈയ്യേറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കായൽ കയ്യേറി റിസോർട്ടുകളും വൻകിട ഹോട്ടലുകളും ഫ്ളാറ്റുകളും നിർമ്മിച്ചവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; | (ബി) | ശ്രദ്ധയിൽപ്പെടുന്ന എല്ലാ കൈയ്യേറ്റങ്ങൾക്കെതിരെയും 1957-ലെ കേരളാ ഭൂ സംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കായലുകളുടെ അതിർത്തി സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (സി) | കായലുകളുടെ അതിർത്തി കൈയ്യേറുന്നവർക്കെതിരെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | കായൽ കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | (ഡി) | കായൽ കൈയ്യേറ്റങ്ങൾ നിരീക്ഷിക്കുന്നതിനും, അത്തരം കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഭൂസംരക്ഷണ നിയമമനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിനും കായൽ പ്രദേശവുമായി ബന്ധപ്പെട്ട എല്ലാ തഹസീൽദാർമാർക്കും വില്ലേജ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ഇതിനായി പ്രത്യേക ദൗത്യ സംഘവും, തിരുവനന്തപുരം, മലപ്പുറം ജില്ലകളിൽ പ്രത്യേകം സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 417 — 19.3.2010 ൽ മറുപടിയ്ക്ക്

**ഭക്ഷ്യസുരക്ഷാ പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. കാർത്തികേയൻ : | ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഏതൊക്കെ കൃഷികൾക്കാണ് മുൻഗണന നൽകി നടപ്പാക്കിയത് ; | (എ) ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നെൽകൃഷിക്ക് മുൻഗണന നൽകി, വിവിധ ഉപപദ്ധതികൾ നടപ്പാക്കി വരുന്നു. പച്ചക്കറി കൃഷിക്കും ഇതിന്റെ ഭാഗമായി പ്രാധാന്യം നല്കി പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) ഇതുമൂലം ഏതൊക്കെ കൃഷികളുടെ ഉൽപ്പാദനത്തിന് സംസ്ഥാനത്ത് വർദ്ധന ഉണ്ടാക്കുവാൻ കഴിഞ്ഞു ; | (ബി) ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കി ത്തുടങ്ങിയ 2008-09 സാമ്പത്തിക വർഷം സംസ്ഥാനത്ത് നെൽകൃഷി ഉല്പാദനം 61,753 ടൺ ആയി വർദ്ധിച്ചു. 2009-10 സാമ്പത്തിക വർഷത്തെ ഉല്പാദന വർദ്ധനവ് സാമ്പത്തികസ്ഥിതി വിവരക്കണക്ക്, വകുപ്പ് തയ്യാറാക്കി വരുന്നതേയുള്ളൂ. നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 1000 പച്ചക്കറി ഗ്രാമ പദ്ധതികൾക്കു പുറമേ 2009-10 സാമ്പത്തിക വർഷം ഭക്ഷ്യ സുരക്ഷാ പദ്ധതി യിൽ ഉൾപ്പെടുത്തി 1333 ഹെക്ടർ പ്രദേശത്ത് പച്ചക്കറി കൃഷി നടപ്പാക്കി വരുന്നു. |
| (സി) തെങ്ങ് കൃഷി സംസ്ഥാനത്ത് വൻതോതിൽ കുറഞ്ഞു വരുന്നത് പരിഗണിച്ച് ഈ പദ്ധതിയിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ? | (സി) നാളികേരത്തിന്റെ ഉല്പാദന വർദ്ധന വിനായി ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ പുതിയ പദ്ധതിയൊന്നും നടപ്പാക്കിയിട്ടില്ല. എങ്കിലും നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, കാറ്റു |

വീഴ്ച, കൂമ്പു ചീയൽ തുടങ്ങിയ രോഗങ്ങൾ ബാധിച്ച തെങ്ങുകളെ സംരക്ഷിക്കുന്നതിനും തെങ്ങുകൃഷി ലാഭകരമാക്കുന്നതിനുമായി താഴെ പറയുന്ന കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. തെങ്ങു കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ:

ഈ കേന്ദ്രാവിഷ്കൃത പദ്ധതി നാളികേര വികസന ബോർഡിന്റെ സഹായത്തോടെ ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിലാണ് നടപ്പാക്കുന്നത്.

2. കേരശ്രീ പദ്ധതി:

2007-08 മുതൽ കേരകൃഷി ലാഭകരമാക്കുന്നതിന് സംസ്ഥാന സർക്കാർ കേരശ്രീ എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നു.

3. തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി:

ഈ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, തൃശൂർ ജില്ലകളിൽ നടപ്പാക്കി വരുന്നു. കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളെ വെട്ടിമാറ്റുന്നതിനും, മറ്റു തെങ്ങുകൾക്ക് ആവശ്യമായ പരിചരണം നല്കുന്നതിനും, ആവശ്യമായ സ്ഥലങ്ങളിൽ പുനർനടീൽ നടത്തുന്നതിനും ഈ പദ്ധതിയിൻകീഴിൽ സഹായം നല്കുന്നു.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 418 — 19/03/2010-ൽ മറുപടിക്ക്

### ദുരന്ത നിവാരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.എ.സി.മൊയ്തീൻ | ശ്രീ.കെ.പി. രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പു മന്ത്രി) |

(എ) ദുരന്ത നിവാരണത്തിനുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(എ) ഉണ്ട്. 13-ാം ധനകാര്യ കമ്മീഷനു മുൻപാകെ സമർപ്പിക്കുന്നതിനായി നൽകിയ ശുപാർശകളിൽ ദുരന്ത നിവാരണത്തിനുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള ആവശ്യം ഉൾപ്പെടുത്തിയിരുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനായി സംസ്ഥാനത്തെ എം.പി.മാരുടെ കോൺഫ്രൻസിൽ ഈ വിഷയം അജണ്ടയായി ഉൾപ്പെടുത്തിയിരുന്നു.

(ബി) നഗരങ്ങളിലെ ദുരന്ത നിവാരണ ലഘൂകരണ പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) നഗരങ്ങളിലെ ദുരന്തനിവാരണ പദ്ധതിപ്രാകരം എല്ലാ ജില്ലാ കളക്ട്രേറ്റുകളിലും എമർജൻസി ഓപ്പറേഷൻ സെന്റർ ആരംഭിച്ചു. നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന മേസ്തരിമാർ, എഞ്ചിനീയർമാർ, ആർക്കിടെക്റ്റുകൾ എന്നിവർക്കും നഗരത്തിലെ സർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ, തൊഴിലിടങ്ങൾ എന്നിവിടങ്ങളിലും ദുരന്ത നിവാരണ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ദുരന്തനിവാരണത്തെക്കുറിച്ചുള്ള പഠനവും പ്രചരണവും ലക്ഷ്യമിട്ടുള്ള പുസ്തകങ്ങൾ ലഘുലേഖകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള ദുരന്തങ്ങൾ തരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി 'മോക്ക് ഡ്രില്ലുകൾ' സംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ തലത്തിലുള്ള ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കി വരുന്നു. ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാകുന്നതോടെ ജില്ലകളിൽ നഗരങ്ങളിൽ ഉൾപ്പെടെയുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

(സി) ദുരന്തനിവാരണത്തെക്കുറിച്ചും രക്ഷാ പ്രവർത്തനങ്ങളെക്കുറിച്ചും സാധാരണ ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്ന തിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(സി) ദുരന്തനിവാരണത്തെക്കുറിച്ചും രക്ഷാപ്രവർത്തനങ്ങളെക്കുറിച്ചും സാധാരണ ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ വച്ച് ബോധവൽക്കരണ ക്ളാസ്സുകൾ ILDM, UNDP എന്നിവരുമായി സഹകരിച്ചുകൊണ്ട് നടത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് മുൻകരുതലുകൾ വിവരിക്കുന്ന ലഘുലേഖകൾ ILDM-ൽ നിന്നും മലയാളത്തിലും ഇംഗ്ളീഷിലും തയ്യാറാക്കി എല്ലാ വില്ലേജുകളിലും അയച്ചുകൊടുത്തിട്ടുണ്ട്. കൂടാതെ ഭൂകമ്പങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഒരു ഹൃസ്വചിത്രം ILDM തയ്യാറാക്കി കേരളത്തിലെ 1000 സ്കൂളുകളിൽ ഒരേ സമയം **"Edusat" Satellite** മുഖേന പ്രദർശിപ്പിക്കുകയുണ്ടായി. ദുരന്ത നിവാരണത്തെക്കുറിച്ചും രക്ഷാപ്രവർത്തനങ്ങളെക്കുറിച്ചും സാധാരണ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കമ്മ്യൂണിറ്റി ബേസ്ഡ് ഡിസാസ്റ്റർ മാനേജ്മെന്റ് പ്രൊജക്ട് എന്ന പദ്ധതി UNDPയുടെ സഹകരണത്തോടെ നടപ്പാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളിൽ ദുരന്തനിവാരണത്തെക്കുറിച്ചും രക്ഷാ പ്രവർത്തനങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുവാൻ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സുരക്ഷാ ക്ളബ്ബുകൾ രൂപീകരിച്ച് പ്രത്യേക പരിശീലനം നൽകാനും ഗ്രാമങ്ങളിൽ യുവജനക്ഷേമബോർഡിന്റെ സഹകരണത്തോടെ യുവകർമ്മസേന രൂപീകരിക്കുവാനും പദ്ധതിയുണ്ട്

(ഡി) സംസ്ഥാനത്തെ വില്ലേജുകളിൽ നടക്കുന്ന ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ വില്ലേജുകളിൽ ഉൾപ്പെടെയുള്ള ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 24 മണിക്കൂർ പ്രവർത്തിക്കുന്ന സംസ്ഥാനതല കൺട്രോൾ റൂം ലാന്റ്റവന്യൂ കമ്മീഷണറേറ്റിലും കൂടാതെ കളക്ട്രേറ്റുകളിൽ ജില്ലാതല കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ താലൂക്ക് ഓഫീസുകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തിച്ചു വരുന്നു. അത്യാവശ്യഘട്ടങ്ങളിൽ ബന്ധപ്പെടുന്നതിനായി പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഒരു ദുരന്ത നിവാരണ ഡയറക്ടറി തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ 9 തീരദേശ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 10 ഗ്രാമങ്ങളിൽ വീതം പുഷ്-ടു-ടോക്ക്, വെരി ഹൈ ഫ്രീക്വൻസി റേഡിയോ സിസ്റ്റം ഉപകരണങ്ങൾ യു.എൻ.ഡി.പിയുമായി സഹകരിച്ചുകൊണ്ട് അപകട മുന്നറിപ്പ് വ്യാപനത്തിനായി സ്ഥാപിച്ചു വരുന്നു. കൂടാതെ കേരളത്തിലെ മറ്റ് ജില്ലാ ആസ്ഥാനങ്ങളിലും 63 താലൂക്കുകളിലും ഈ സംവിധാനം ആസൂത്രണം ചെയ്തുവരുന്നു. ഇപ്രകാരം ആകെ 169 വി.എച്ച്.എഫ് സെറ്റുകൾ സ്ഥാപിക്കുന്നതും അതിൽ 90 എണ്ണം പൊതുജന ജാഗ്രതയ്ക്കുള്ള പബ്ളിക് അഡ്രസ്സ് സിസ്റ്റം ആയിരിക്കുന്നതുമാണ്. വില്ലേജുകളിൽ നടക്കുന്ന ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വില്ലേജു തലത്തിൽ ടാസ്ക് ഫോഴ്സുകളും രൂപീകിരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനതലത്തിൽ സിവിൽ ഡിഫൻസ് സേന സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | (ഇ) | സംസ്ഥാനത്ത് ഒരു സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. ഇതിനായി തൃശ്ശൂർ ജില്ലയിൽ രാമവർമ്മപുരം കേരള പോലീസ് അക്കാദമിയോട് ബന്ധപ്പെട്ട 10 ഏക്കർ സ്ഥലം സർക്കാർ കണ്ടെത്തിയിട്ടുണ്ട്. പ്രധാനമായും യുദ്ധകാലത്ത് സൈന്യത്തെ സഹായിക്കുന്നതിന് രൂപീകൃതമായതാണ് സിവിൽ ഡിഫൻസ് സംവിധാനം. എന്നാൽ ആഗോള വ്യാപകമായി യുദ്ധഭീഷണി ഇല്ലാതായ സാഹചര്യം സംജാതമായിട്ടുണ്ടെങ്കിലും പ്രകൃതി ദുരന്തങ്ങളും മനുഷ്യ നിർമ്മിത ദുരന്തങ്ങളും ഭീകരവാദവുമെല്ലാം ഭീഷണിയുയർത്തുന്ന ഇക്കാലത്ത് സിവിൽ ഡിഫൻസിന്റെ പ്രസക്തി വർദ്ധിച്ചിരിക്കുന്നു. ഏതൊരു ദുരന്തവും ആത്യന്തികമായി സമൂഹത്തെയാണ് പ്രതികൂലമായി ബാധിക്കുന്നത് എന്നതിനാൽ അത്തരം അവസരങ്ങളിൽ അവരെ രക്ഷപ്പെടുത്തുന്നതിനും മുൻകരുതൽ നടപടികൾ എടുക്കുന്നതിനും ദുരന്തങ്ങളെക്കുറിച്ച് സമൂഹത്തെ ബോധവത്ക്കരിക്കുന്നതിനും സിവിൽ ഡിഫൻസ് സേനയ്ക്ക് നല്ലൊരു പങ്ക് വഹിക്കാനാകും. കൂടാതെ നിരിവധി പ്രകൃതി ദുരന്തങ്ങൾ നേരിടുന്ന സംസ്ഥാനമെന്ന നിലയിൽ ഉത്തരമൊരു സേനയുടെ സാന്നിദ്ധ്യം കേരളത്തിൽ ആവശ്യമാണ്. അപ്രകാരം സിവിൽ ഡിഫൻസ് സേനയെ സജ്ജമാക്കുന്നതിനുള്ള പരിശീലനം നൽകുകയാണ് സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യം. കൂടാതെ കണ്ണൂർ, എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ റീജ്യണൽ സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വികരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 419 — 19/03/2010-ൽ മറുപടിക്ക്

വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

**ചോദ്യം**

ശ്രീ. എം. ചന്ദ്രൻ
ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. കെ. ടി. ജലീൽ
ശ്രീമതി. ജെ. അരുന്ധതി

**ഉത്തരം**

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സ്കൂളുകളിലെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ ; | എ) | ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, എസ്.എസ്.എ., എസ്.സി.ഇ.ആർ.ടി, ഡി.പി.ഐ എന്നിവർ ഒരു കാര്യക്ഷമതാ വർഷകലണ്ടർ തയ്യാറാക്കി പ്രവർത്തനങ്ങൾ നടപ്പിലാക്കി. അദ്ധ്യാപക തുടർ പരിശീലന പരിപാടി നടപ്പിലാക്കി. എല്ലാ ജില്ലയിലും ഡി.ഡി.ഇ., ഡയറ്റ്, എസ്.എസ്.എ. എന്നിവർ എല്ലാ മാസവും യോഗം കൂടി യോജിച്ച പ്രവർത്തനം നടത്തുകയും പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്യു. ഒ.എസ്.എസ് (തൽസ്ഥല പിൻതുണ) പ്രവർത്തനം കാര്യക്ഷമമാക്കി. ക്യൂ.ഇ.പി.ആർ സ്ക്കൂളുകൾക്ക് ഉച്ചഭക്ഷണ പരിപാടി, പകരം അദ്ധ്യാപകരെ നിയമിക്കൽ എന്നിവയ്ക്ക് ഫണ്ട് നൽകി.<br>ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് പ്രവർത്തനം ശക്തമാക്കി. അയൽപക്ക പഠന കൂട്ടങ്ങൾ ഊർജ്ജിതമാക്കി. എസ്.എസ്.എ., എസ്.സി.ഇ.ആർ.റ്റി., സീ-മാറ്റ് എന്നിവയുടെ മേൽനോട്ടത്തിൽ എസ്.എസ്.എ., എം.എൽ.എ. എന്നീ ഫണ്ട് ഉപയോഗിച്ച് കുണ്ടറ നിയോജകമണ്ഡലത്തിൽ 'പുലരി' എന്ന വിദ്യാഭ്യാസ വികസന പരിപാടി നടപ്പാക്കി. ജില്ലാ പഞ്ചായത്തുകൾ, കാര്യക്ഷമതാ വർഷത്തിന്റെ ഭാഗമായി 'വിജയ സോപാനം' തുടങ്ങിയ പരിപാടികൾ നടപ്പിലാക്കി.<br>തുടർ പരിശീലനം പ്രൈമറി തലത്തിലും, ഹൈസ്ക്കൂൾ തലത്തിലും കാര്യക്ഷമമാക്കി. പരിശീലനത്തിനുള്ള മോഡ്യൂൾ മുൻകൂട്ടി തയ്യാറാക്കുകയും പരിശീലനത്തിന് മുമ്പ് പ്ലാനിംഗ് നടത്തുകയും ചെയ്യു. എസ്.ആർ.ജി, ഡി.ആർ.ജി പരിശീലനങ്ങൾ മുൻകൂട്ടി നടത്തിയാണ് മോഡ്യൂൾ തയ്യാറാക്കിയത്. റിസൽട്ടിൽ പിന്നാക്കം നിന്നിരുന്ന സ്ക്കൂളുകളിൽ ധാരാളം അക്കാദമീയ പ്രവർത്തനങ്ങൾ നടത്തി. അത്തരം |

| | | | |
|---|---|---|---|
| | | | സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ പ്രത്യേക ശിൽപ്പശാല, അദ്ധ്യാപകരുടെ മീറ്റിംഗ്, ഒ.എസ്.എസ്-ൽ പ്രത്യേക ഊന്നൽ, സബ്ജക്റ്റ് കൗൺസിൽ ശക്തമാക്കൽ, സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, ലോക്കൽ റിസോഴ്സ് പ്രയോജനപ്പെടുത്തൽ എന്നീ കാര്യങ്ങൾ നടത്തി. സ്കൂൾ ടൈംടേബിളിൽ മാറ്റം വരുത്തി രാത്രികാല ക്ലാസ്സുകൾ നടത്തി. ഇത്തരം സ്കൂളുകളിൽ ഉച്ചഭക്ഷണം 10-ാം ക്ലാസ്സ് വരെ നൽകി. തൽസ്ഥല പിന്തുണ സംവിധാനത്തിന് നിയോഗിക്കപ്പെട്ട ഡി.ആർ.ജി. മാർക്ക് പകരം അദ്ധ്യാപകരെ നിയമിച്ചു. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ എന്നിവർ ഇത്തരം സ്കൂളുകൾ സന്ദർശിച്ചു പ്രവർത്തനം വിലയിരുത്തി. ജില്ലാ പഞ്ചായത്തുകൾ പ്രത്യേകമായി മേൽനോട്ടം നടത്തി.<br>50% - ൽ താഴെ വിജയ ശതമാനമുള്ള വി.എച്ച്.എസ്.ഇ സ്കൂളുകളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി റെമഡിയൽ കോച്ചിംഗ്, കരിയർ ഗൈഡൻസ് ആന്റ് കൗൺസലിംഗ്, അധ്യാപക പരിശീലനം എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br>45% ൽ താഴെ വിജയശതമാനമുള്ള 100 ഗവ. ഹയർസെക്കണ്ടറി സ്കൂളുകളിലെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനായി റെമഡിയൽ കോച്ചിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രയാസമുള്ള വിഷയങ്ങളിൽ സ്പെഷ്യൽ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും അവശ്യം വേണ്ട കുറിപ്പുകൾ അച്ചടിച്ചു നൽകുന്നതിനും പുസ്തകങ്ങൾ വാങ്ങുന്നതിനും, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി സ്കൂളൊന്നിന് 10,000/- രൂപ എന്ന നിരക്കിൽ 100 ഹയർ സെക്കണ്ടറി സ്കൂളുകൾക്കായി മൊത്തം 10 ലക്ഷം രൂപ ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.<br><br>ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ, വായന മെച്ചപ്പെടുത്തൽ, പഠന വീട്, കുട്ടികളുടെ ശാസ്ത്രാവബോധം വളർത്തുന്നതിനായി ഗലീലിയോ ലിറ്റിൽ സയന്റിസ്റ്റ് പരിപാടി, ശുചിത്വാരോഗ്യ വിദ്യാഭ്യാസം,കമ്പ്യൂട്ടർ സഹായത്തോടെ-യുള്ള പഠനം, പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ, അധ്യാപകരുടെ തുടർ പരിശീലനം, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ, പട്ടികജാതി, പട്ടിക വർഗ്ഗ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പ്രത്യേക വിദ്യാഭ്യാസ പരിപാടികൾ എന്നിവയാണ് സ്കൂളുകളിൽ വിദ്യാഭ്യാസ ഗുണനിലവാരം |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിനായി എസ്.എസ്.എ മുഖേന ആവിഷ്ക്കരിച്ച പദ്ധതികൾ.<br><br>വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി. ആവിഷ്ക്കരിച്ച പദ്ധതികൾ താഴെ പറയുന്നു.<br><br>1. ദേശീയ പാഠ്യ പദ്ധതി ചട്ടക്കൂടിന് (എൻ.സി.എഫ്-2005) അനുഗുണമായി കേരള പാഠ്യ പദ്ധതി ചട്ടക്കൂട് (കെ.സി.എഫ്-2007) രൂപം നൽകി. ഇതനുസരിച്ച് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം നിർവഹിക്കുകയും , ഘട്ടം ഘട്ടമായി ഈ പരിഷ്ക്കരണങ്ങൾ നടപ്പാക്കി വരികയുമാണ്. ഇതുസരിച്ച് 1 മുതൽ 8 വരെയുള്ള എല്ലാ പാഠപുസ്തകങ്ങളും (8-ലെ ഐ.ടി ഒഴികെ) പരിഷ്കരിക്കുകയുണ്ടായി.<br><br>2. എല്ലാ പാഠപുസ്തകങ്ങൾക്കും, അധ്യാപക സഹായികൾ തയാറാക്കുകയുണ്ടായി. പഠന പ്രക്രിയ ശരിയായ രീതിയിൽ നടപ്പാക്കുന്ന മാർഗനിർദ്ദേശങ്ങൾ അധ്യാപക സഹായിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.<br><br>3. പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി തലത്തിലെ മുഴുവൻ അധ്യാപകർക്കും ആവശ്യാധിഷ്ഠിതമായ പരിശീലന പരിപാടി നടപ്പാക്കുകയുണ്ടായി. ഒരു വർഷത്തെ പരിശീലന പരിപാടികളെ മൊത്തമായി കണ്ടുകൊണ്ട് വെക്കേഷന് നൽകേണ്ട പരിശീലനങ്ങൾ, ഇടക്കാലത്ത് നൽകേണ്ട പരിശീലനങ്ങൾ, ക്ലസ്റ്റർ തലത്തിൽ മാസം തോറുമുള്ള പരിശീലനങ്ങൾ ഇങ്ങനെ വേർതിരിച്ച് പരിശീലന പരിപാടി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>4. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി 8-ാം തരത്തിൽ നാഷണൽ മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കി.<br>5. കൗമാര വിദ്യാഭ്യാസം ഫലപ്രദമായി നിർവഹിക്കുന്നതിനുവേണ്ടിയുള്ള അധ്യാപക പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പാക്കി. |

| | | | |
|---|---|---|---|
| ബി) | സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി പ്രകാരം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കുമോ; | ബി) | പൊതു വിദ്യാലയങ്ങളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസവും അടിസ്ഥാന സൗകര്യ വികസനവും ഉറപ്പാക്കുന്നതിനും അതുവഴി പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനും ഇതിനകം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി.<br>ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, എസ്.എസ്.എ, എസ്.സി.ഇ.ആർ.ടി., പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവർ സംയുക്തമായി ആസൂത്രണം നടത്തി പ്രവർത്തനങ്ങൾ നടപ്പിലാക്കി.<br>അദ്ധ്യാപകർക്ക് നൽകിയ തുടർച്ചയായ പരിശീലനങ്ങൾ, ക്ലസ്റ്റർതല പരിശീലനങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ നടപ്പിലാക്കിയ തീവ്രകർമ്മ പരിപാടികൾ (QEPR), തൽസ്ഥല അദ്ധ്യാപക സഹായങ്ങൾ (OSS) തുടങ്ങിയവ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. വിജയ ശതമാനത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യക്തമായ ഉയർച്ച കാണിക്കുന്നത് ഈ പരിപാടികളുടെ വിജയമാണ്. വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, എസ്.എസ്.എ., എസ്.സി.ഇ.ആർ.ടി., സീമാറ്റ്, എസ്.ഐ.ഇ.റ്റി എന്നീ വിഭാഗങ്ങൾ ഒരു പൊതു പ്രവർത്തന കലണ്ടർ തയ്യാറാക്കി അദ്ധ്യാപക ശാക്തീകരണം നടപ്പിലാക്കി യിട്ടുണ്ട്. വ്യക്തമായ ആസൂത്രണത്തോടെ ക്ലസ്റ്റർതല പരിശീലനങ്ങൾ തുടർച്ചയായി നടപ്പിലാക്കി. ജില്ലകളിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും ഡയറ്റ് പ്രിൻസിപ്പൽമാരും ജില്ലാ പ്രോജക്റ്റ് ഓഫീസർമാരും എല്ലാ മാസവും കൂടി ച്ചേർന്ന് ജില്ലകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുന്നു. ഇതു പോലെ തന്നെ ഓരോ മാസത്തെയും പ്രവർത്തനം വിലയിരുത്തി സംസ്ഥാനതല പ്രതിമാസ അവലോകന യോഗങ്ങളിൽ അവതരിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനതല പരിപാടികൾ ക്രമീകരിച്ചിരുന്നത്.<br>അദ്ധ്യാപകർക്കുള്ള തൽസ്ഥല സഹായ പരിപാടി എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടത്തിയിരുന്നു. ഇതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ക്ലസ്റ്റർ തല പരിശീലനങ്ങൾ നടത്തിയിരുന്നത്. |

| | | | |
|---|---|---|---|
| | | | എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക ഒഴിവുകൾ പരമാവധി നികത്തി പഠനം സുഗമമാക്കി. തിരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ എല്ലാ വിഷയങ്ങൾക്കും അദ്ധ്യാപകരെ കുട്ടികളുടെ എണ്ണം പരിഗണിക്കാതെ നിയമിച്ചു. ഈ സ്കൂളുകളിൽ പഠനകൂട്ടങ്ങൾ സംഘടിപ്പിച്ചു. അയൽപക്ക പഠന കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി. ഈ സ്കൂളുകളിൽ ചങ്ങാതി, ഒരുക്കം തുടങ്ങിയ പ്രത്യേക പഠന സഹായികൾ വിതരണം ചെയ്തു. ലോക്കൽ റിസോഴ്സ് അദ്ധ്യാപകരെ (എൽ.ആർ.ജി) കണ്ടെത്തി ഉപയോഗപ്പെടുത്തി. ഇതുപോലെയുള്ള പ്രവർത്തന പരിപാടികൾ മറ്റു സ്കൂളുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കപ്പെട്ടു. ഈ പ്രവർത്തനങ്ങൾ എല്ലാം തന്നെ പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് വളരെയധികം സഹായിച്ചിട്ടുണ്ട്.<br>വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എക്സ്പോ ഓൺ ദ ജോബ് ട്രെയിനിംഗ് (ഒ.ജെ.റ്റി) എന്നിവ സ്കൂൾ/മേഖലാ/ സംസ്ഥാന തലത്തിൽ നടപ്പാക്കി വരുന്നു.<br><br>എസ്.എസ്.എ. നടത്തിയ പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.<br><br>1. ഓരോ വിദ്യാലയവും ഏതെങ്കിലും ഒരു സവിശേഷമായ പ്രവർത്തനം ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ചു.<br><br>2. സംസ്ഥാനത്തെ മികച്ച വിദ്യാലയാനുഭവങ്ങൾ പുസ്തക രൂപത്തിൽ ക്രോഡീകരിച്ചു നൽകി.<br><br>3. പ്രഥമാധ്യാപകർക്ക് മികവു മുൻനിറുത്തിയുള്ള പരിശീലനം നൽകി.<br><br>4. മികവനുഭവങ്ങൾ പങ്കു വയ്ക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സെമിനാറുകൾ സംഘടിപ്പിച്ചു.<br><br>5.മികവു പ്രവർത്തനം ഏറ്റെടുക്കുന്നതിനു സ്കൂൾ ഗ്രാന്റായി യു.പി വിഭാഗത്തിനു 7000 രൂപ വീതവും എൽ.പി വിഭാഗത്തിനു 5000 രൂപ വീതവും അനുവദിച്ചു നൽകി |

| | | | |
|---|---|---|---|
| സി) | എസ്.എസ്.എൽ.സി. വിജയശതമാനം ഉയർത്തുന്നതിനായി ഈ വർഷം എത്ര സ്കൂളുകളിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു എന്ന് വെളിപ്പെടുത്തുമോ; | സി) | പഠനത്തിൽ പിന്നോക്കം നിന്ന 104 സ്കൂളുകളുടെ പഠന നിലവാരം ഉയർത്താൻ ആരംഭിച്ച ജനകീയ പദ്ധതി പിന്നീട് 107 സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിച്ചു. |
| ഡി) | തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് സ്കൂളുകളിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | ഡി) | ഉണ്ട്. തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് സ്കൂളുകളിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും എസ്.എസ്.എൽ.സി റിസൽട്ട് മെച്ചപ്പെടുത്തുന്നതിനുമായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിജയസോപാനം (കൊല്ലം), വിജയശ്രീ (പാലക്കാട്), മുകുളം (കണ്ണൂർ), മികവ് (കാസർഗോഡ്) വിജയ ഭേരി (മലപ്പുറം) തുടങ്ങി വിവിധ ജില്ലകളിൽ ജില്ലാ പഞ്ചായത്തുകൾ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ പല എം.എൽ.എ.മാരുടെയും എം.പി.മാരുടെയും നേതൃത്വത്തിൽ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്താൻ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഇവ സ്കൂളുകളിലെ ഭൗതിക സാഹചര്യം, പരീക്ഷാഫലം എന്നിവ മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ